# മലയാള സാഹിത്യം–2

## Common Course (Malayalam)

For

# BA /B.Sc.

II SEMESTER

(2014 Admission)

CUCBCSS

## UNIVERSITY OF CALICUT

**SCHOOL OF DISTANCE EDUCATION**

CALICUT UNIVERSITY PO, MALAPPURAM, KERALA, INDIA - 673 635

**509**

# UNIVERSITY OF CALICUT

SCHOOL OF DISTANCE EDUCATION

## BA/B.Sc.

II SEMESTER

COMMON COURSE

## മലയാള സാഹിത്യം-2

**Prepared by:** - *Dr. Saithalavi. C*
*Asst. Professor*
*Thunchathezhuthachan Malayalam University*
*Tirur.*

Layout: Computer Section, SDE

(c)
Reserved

| PAGES | CONTENTS |
|---|---|
| **MODULE - 1** | **5** |
| **MODULE - 2** | **15** |
| **MODULE - 3 &4** | **23** |

# മൊഡ്യൂൾ – 1

## ചിന്താവിഷ്ടയായ സീത

– കുമാരനാശാൻ

1873–ൽ നാരായണന്റെയും കാളിയമ്മയുടെയും മകനായി കായിക്കരയിൽ കുമാരനാശാനാൻ ജനിച്ചു. പ്രശസ്ത പണ്ഡിതന്മാരുടെ കീഴിൽ സംസ്കൃതത്തിലും ദർശനങ്ങളിലും പ്രാവീണ്യം നേടി. 1891 ൽ ശ്രീനാരയണഗുരുവിനെ കണ്ടുമുട്ടി. 1902 മുതൽ പതിനാറു വർഷം എസ്.എൻ.ഡി. പി. യോഗാ സെക്രട്ടറിയായിരുന്നു. 1922ൽ വെയിൽ രാജകുമാരൻ പട്ടും വളയും നൽകി ആദരിച്ചു. 1924 ൽ പല്ലനയാറ്റിലെ ബോട്ടപടകടത്തിൽ മരിച്ചു. വീണ പൂവ്, നളിനി, ലീല, കരുണ, പ്രരോദനം, ചണ്ഡാലഭിക്ഷുകി, ചിന്താവിഷ്ടയായ സീത തുടങ്ങിയവയാണ് മുഖ്യകൃതികൾ.

**കവിതാസാരം**

കുശലവൻമാരേയും കൂട്ടി വാൽമീകി മഹർഷി ശ്രീരാമന്റെ അശ്വമേധയാഗത്തിൽ പങ്കുചേരാൻ പോയിട്ട് ദിവസങ്ങളായി. കടുത്ത ഏകാന്തത അനുഭവിക്കുന്ന സീത ഒരു വൈകുന്നേരം ആശ്രമത്തിനു സമീപത്തെ പൂന്തോപ്പിൽ ചെന്നിരുന്ന് വിചാര നിമഗ്നയാകുന്നു. ഉടജാന്തവാടിയിൽ പ്രകൃതി സീതക്ക് ഇരിപ്പിടമൊരുക്കിയിരിക്കുന്നു. പൂവാകകൊമ്പുകൾ പൂപന്തൽ പോലെ ശോഭിച്ചു ഹരിനീലപുല്ലുകൾ പട്ടുവിരിപ്പായി ചമഞ്ഞു.

ചിന്തയിലാണ്ട സീത സൂര്യനസ്തമിച്ചതോ ചുറ്റും നിലാവ് വന്നു നിറഞ്ഞതോ അറിഞ്ഞതേ ഇല്ല. തമസാനദിയിൽ ഓളങ്ങൾ സൃഷ്ടിക്കുന്ന കുളിർമാരുതൻ സസ്യലതാദികളെ തഴുകുന്നു. ഇർപ്പമുള്ള ഇലകൾ നിലാവ് വീണ് വെള്ളിയിൽ വാർത്തതുപോലെ വെട്ടിതിളങ്ങുന്നു

വനമുല്ലയിൽ നിന്ന് ഉതിർന്നു വീഴുന്ന പൂക്കൾ സീതയുടെ മുടിക്കെട്ടിൽ മിന്നാമിനുങ്ങുകൾ വന്നിരുന്നു. മരങ്ങൾക്കിടയിലൂടെ കാണുന്ന നക്ഷത്രങ്ങൾ നിറഞ്ഞ ആകാശം പോലെ സീതയുടെ മുടി ശോഭിച്ചു. ഉടയാടകൾ ശരീരം മറച്ച് നീണ്ട കൈകൾ തുടമേൽ വച്ച് പാതിനിറഞ്ഞ കണ്ണുകളോടെ ഇരിക്കുന്ന സീതയുടെ ചിന്താഭാരം അനുവാചകൾക്ക് അനുഭവവേദ്യമാം വണ്ണം കവി ചിത്രീകരിച്ചിരിക്കുന്നു. കാറ്റിലുലഞ്ഞ് അളകങ്ങൾ കണ്ണിൽ പതിക്കുമ്പോഴും അടഞ്ഞുതന്നെയിരിക്കുന്ന കണ്ണുകൾ സീതയുടെ ചിന്തയുടെ ആഴം വ്യക്തമാക്കുന്നു.

കുനിഞ്ഞ ശരീരമുള്ളവളെങ്കിലും സീത ഇടക്ക് നിവർന്നിരിക്കുന്നു. നാനാവിധ ചിന്തകളെ പ്രതിരോധിക്കാനാവാതെ ദീർഘനിശ്വാസമുതിർക്കുന്നു. ഉള്ളിൽ അലയടിക്കുന്ന നാനാതരം ചിന്തകൾ അവളുടെ കവിൾ തടങ്ങളിൽ പലവിധ ഭാവങ്ങൾ പ്രതിഫലിപ്പിക്കുന്നു. മനസിനെ നിയന്ത്രിക്കാനാവാതെ വിചാര ഭാഷയിൽ തന്നെത്താനെ എന്തോമൊഴിയുന്നു.

തുടർന്ന് സീതയുടെ ആത്മഗത രൂപത്തിലാണ് കാവ്യം വികസിക്കുന്നത്. കാല്പനികതയുടെ അഴകും തത്വചിന്തയുടെ ഗൗരവവും നിറഞ്ഞവയാണ് തുടർന്നുള്ള വരികൾ

ഒരു നിശ്ചമില്ലയൊന്നിനും
വരുമോരോ ദശ വന്നപോലെ പോം
വിരയുന്ന മനുഷ്യനേതിനോ
തിരിയാ ലോകരഹസ്യമാർക്കുമേ

ജീവിതത്തിൽ ഒന്നിനും ഒരുറപ്പുമില്ല. ഓരോ അവസ്ഥകൾ വന്നും പോയും ഇരിക്കും. ഇതിനിടയിൽ എന്തിനെന്നറിയാതെ മനുഷ്യൻ ഉഴലുന്നു. ലോക രഹസ്യത്തെക്കുറിച്ച് ആർക്കും ഒന്നും അറിയില്ല ഇപ്രകാരം മനുഷ്യജീവിതത്തിന്റെ ഭിന്നാവസ്ഥകളിൽ നിന്നാണ് സീത

യുടെ ചിന്തകൾ ആശാൻ അവതരിപ്പിക്കുന്നത്.

മനസ്സ് രസബിന്ദുപോലെ ഓടിക്കളിക്കുകയും നെന്മണിപോലെ പൊരിയുകയും ചെയ്യുന്നു. ചിലപ്പോൾ തീവ്രമായും ചിലപ്പോൾ ലഘുവായും അത് ഉൽണ്ഠാകുലമാകുന്നു. ഈ അവസ്ഥ വിവരണം സീതയുടെ പുർവ്വകാല സ്മൃതിയിൽ നിന്നുളവാകുന്ന മാനസിക സംഘർഷത്തിൽ തെളിയുന്ന തത്വശകലമാണ്. താൻ കടന്നുപോന്ന ജീവതത്തിലെ കഠിനപരീക്ഷണങ്ങളുടെ പാതകളും അവസ്ഥാവിപര്യയങ്ങളുമാണ് സീതയെ ഈയൊരു ചിന്തയിലേക്കെത്തിക്കുന്നത്.

സന്തോഷം നിറഞ്ഞ പൂർവ്വകാലം സ്മരിക്കുമ്പോൾ ദുർവിധി പുഞ്ചിരിയുടെ ധാരാളിത്തം കൊണ്ട് അവയെ മായ്ചുകളഞ്ഞതായി സീത ഓർക്കുന്നു.

മർത്ത്യജീവിതം സുഖ ദു:ഖസമ്മിശ്രമാണെന്നോർത്ത് സീത ആശ്വസിക്കാൻ ശ്രമിക്കുന്നു. അസ്വസ്ഥമായ വേനലിനു പിറകേ എപ്പോഴും മഴയെത്തും . ഇലകൾ പൊഴിഞ്ഞ് ശുഷ്കമായ തരുക്കൾ തളിർത്ത പൂവിടും. ഇവിടെ മനുഷ്യ ജീവിത്തിന്റെ അസ്ഥിരതയെ ഋതുഭേദങ്ങളോട് കവി സാമ്യപ്പെടുത്തിയിരിക്കുന്നു. സസ്യജന്തുജാലങ്ങളിലും അഴൽ മാറി മാറി വന്നു പെടുമെങ്കിലും ആത്മാഭിമാനമുള്ള മനുഷ്യനിൽ മാനഹാനിമൂലമുള്ള ദു:ഖം സ്ഥിരമായി നിൽക്കും.

ഇപ്രകാരം ചിന്തിച്ചിരിക്കെ സീതയുടെ ഇടതുതോൾ ഒന്നു തുടിച്ചു. ഇത് ശുഭലക്ഷണമാണെങ്കിലും സീത അതിനെ 'പുഴുപോലെ' എന്ന് വിശേഷിപ്പിക്കുന്നു. പ്രിയസമാഗമത്തെ സൂചിപ്പിക്കുന്ന ഒരു നിമിത്തമാണെങ്കിലും താൻ അതിനെ പിൻതുടരുകയില്ലെന്ന് സീത ഉറപ്പിക്കുന്നു. കുട്ടി നിഴലിനെ പിൻതുടരുന്നതുപോലെ താനിനി സുഖഭോഗങ്ങളിൽ ഭ്രമിച്ച് ഉഴലുകയില്ലെന്ന് സീത തീരുമാനിക്കുന്നു.

പുത്രൻമാർ ചൊല്ലിയ രാമായണകാവ്യം കേട്ട് ശ്രീരാമൻ അവരെ തിരിച്ചറിഞ്ഞിട്ടുണ്ടാവണം. അവരോട് അനുതാപമുള്ളവനായി തീർന്നിരിക്കണം. ശ്രിരാമനോടൊപ്പം കഴിഞ്ഞ നല്ല നാളുകൾ മറന്നിട്ടിങ്കിലും അവ ചിന്തയിൽ ഊന്നിടാതെയായിരിക്കുന്നു. അവ കേൾവിയിൽ മാറ്റൊലിപോലെയായി തീർന്നിരിക്കുന്നു. അല്പനേരത്തെ വിയോഗം പോലും സഹിക്കാൻ കഴിയാത്തവിധം തീവ്രമായിരുന്ന പ്രണയം ഇപ്പോൾ ഉറങ്ങുന്ന അണലിപ്പാമ്പുകണക്കെ ഉള്ളിൽ തലപൊക്കാനാവതെയിരിക്കുന്നു.

ഇന്ദ്രിയങ്ങൾക്ക് ആഹ്ലാദഹേതുവാകുന്ന ഭാവങ്ങൾ ഒഴിഞ്ഞുപോയ തന്റെ മനസ് പ്രാവുകൾ ഉപേക്ഷിച്ചുപോയ കൂടുപോലെ ദയനീയമായി തീർന്നിരിക്കുന്നു. തന്റെ ഹൃദയകാശാത്തിൽ സദാ വിളങ്ങിനിന്ന വെൺചന്ദ്രനും ഓർമയായി തീർന്നിരിക്കുന്നു. ദാമ്പത്യത്തിന്റെ മധുരഭാവങ്ങളോട് സീതക്ക് ഇപ്പോൾ പ്രതിപത്തി തോന്നുന്നില്ല.

ആശ്രമത്തിലെ വ്രതചര്യ തനിക്കിന്നു ശീലമായിരിക്കുന്നു. ആത്മവിദ്യ തന്നെ ശാന്തയാക്കി തീർത്തിരിക്കുന്നു. വിവേക ശക്തികൊണ്ട് എല്ലാ ദു:ഖങ്ങളും തന്നിൽനിന്നും ഒഴിഞ്ഞു പോയിരിക്കുന്നു. എന്നാൽ 'അപമാനശല്യം' തന്നെ ഇപ്പോഴും ചുട്ടുപൊള്ളിക്കുന്നു. താൻനിഷ്കരുണം വനമദ്ധ്യയത്തിൽ ഉപേക്ഷിക്കപ്പെട്ട കാര്യം സീത ഓർക്കുന്നു. സ്വയം ജീവൻ വെടിയാൻ ആഗ്രഹിച്ച താൻ ഗർഭിണിയായതിനാൽ അതിനുമുതിർന്നില്ല. ഇപ്പോൾ പ്രിയചേഷ്ടകൾ കൊണ്ട് ആ ഉണ്ണികൾ തനിക്ക് കൗതുകമേകുന്നു. ഉണ്ണികളുടെ മന്ദസ്മിതരശ്മികൾ തന്റെ വേദനയകറ്റാൻ പോന്ന ഔഷമായി തീർന്നിരിക്കുന്നു. വേദനാനിർഭരമായ ജീവതത്തിൽ അർഭകർ (മക്കൾ) ഔഷധമായി ചമയുന്നുവെന്ന് ആശാൻ ഓർമ്മിപ്പിക്കുന്നു.

കൂരിരുട്ടിലും തെളിഞ്ഞുപ്രകാശിക്കുന്ന ചില നക്ഷത്രങ്ങൾ കാണാം. അതുപോലെ കടൽ പരപ്പിൽ ചെറു ദ്വീപുകളും കാണാം. ഏതു വിപത്തിലും ആശ്വാസമേകാൻ എന്തെ

ങ്കിലും മാർഗം ഇല്ലാതിരിക്കില്ല. മക്കളുടെ സാന്നിദ്ധ്യവും ചേഷ്ടകളുമാണ് സീതക്ക് ആശ്വാസമേകുന്നത്.

ഒരു കൈകൊണ്ട് തല്ലുന്ന നിയതി മറുകൈ കൊണ്ട് തലോടുകയും ചെയ്യുമെന്ന് സീത ആശ്വസിക്കുന്നു. നിഴലും വെളിച്ചവുംപോലെ ഒരേ ഭാവത്തിന്റെ രണ്ടവസ്ഥകളാണ്

സുഖവും ദു:ഖവുമെന്ന് സീത തിരിച്ചറിയുന്നു. മഹാത്മാക്കൾ ഇവ രണ്ടിലും അചഞ്ചലരാകുന്നത് ഈ സത്യം മനസ്സിലാക്കുന്നത് കൊണ്ടാണെന്ന് സീത കരുതുന്നു.

ഇനിയും ലഭിച്ചേക്കാവുന്ന സുഖാനുഭവങ്ങളോട് സീത ഈർഷ്യയോടെ തിരിഞ്ഞ് നിൽക്കുന്നു. അവയെ 'വിനയാർന്ന സുഖ' മായി കാണുന്നു. തന്റെ ജീവതിതത്തിലെ ഉല്ലാസനാളുകൾ വേദനയിലും അപമാനത്തിലുമാണല്ലോ ഒടുങ്ങിയത്. ദു:ഖത്തെ സ്വയം വരിക്കാൻ ചെല്ലുമ്പോൾ ദുർവിധി അതിന്റെ ഈർഷ്യഭാവം കൈവിടുമെന്നു തന്നെയാണ് സീതയുടെ പ്രതീക്ഷ. അപമാനാനുഭവത്തേയോർത്ത് നീറുന്ന സീതയുടെ സംഘർഷഭരിതമായ മനസ്സിൽ നിന്നാണ് ഈ വാക്കുകൾ ഉതിരുന്നത്. ദു:ഖത്തെ ഏറ്റുവാങ്ങി ശരിയായ മധുരിച്ചിടാം സ്വയം പരിശീലിപ്പൊരു കയ്പുതനുമേ "എന്ന തീർപ്പിൽ സീത ആശ്വാസം കണ്ടെത്തുന്നു.

ഒരുഖണ്ഡിയിൽ ഉത്തരമെഴുതുക.

1. നിലയെന്നിയെ ദേവിയാൾക്കകെ
   അകത്തലന്നൊരു ചിന്തയാം കടൽ
   പല ഭാവമണച്ചു മെല്ലെ നിർ–
   മ്മലമാം ചാരു കവിൾതടങ്ങളിൽ – വ്യാഖ്യാനിക്കുക.
2. പുഴുപോലെ തുടിക്കയല്ലി ഹാ
   ..........................................................
   ..........................................................
   യുഴലാ ഭോഗ മിരന്നു ഞാനിനി...– വിശദമാക്കുക.
3. സ്ഫുടതാരങ്ങൾ കൂരിരുട്ടിലു–
   ..........................................................
   ..........................................................
   ന്നിടയാമേതു മഹാവിപത്തിലും – വ്യാഖ്യാനിക്കുക.
4. വിനയാർന്ന സുഖം കൊതിക്കയി–
   ......................................................................
   ......................................................................
   തനിയേ കൈവിടു മീർഷ്യദുർവിധി. – വ്യാഖ്യാനിക്കുക.

ഉപന്യാസമെഴുതുക

1. ആത്മനിന്ദയോളമെത്തുന്ന സീതയുടെ വിചാരഭേദങ്ങൾ വികാരോദ്ദീപകമാക്കിതീർക്കുന്നതിൽ ആശാന്റെ പാടവം വിശകലനം ചെയ്യുക.

## പെരുന്തച്ചൻ

– ജി. ശങ്കരക്കുറുപ്പ്

1901–ൽ നെല്ലിക്കാപ്പള്ളി ശങ്കരവാര്യരുടെയും വടക്കിനി ലക്ഷ്മിക്കുട്ടി അമ്മയുടെയും മകനായി കാലടിക്കടുത്തുള്ള നായത്തോട് ഗ്രാമത്തിലാണ് ശങ്കരക്കുറുപ്പ് ജനിച്ചത്. 'സാഹിത്യകൗതുക' മാണ് അദ്ദേഹത്തിന്റെ ആദ്യ കൃതി. പുജാപുഷ്പം, ചെങ്കതിരുകൾ, വനഗായകൻ, മുത്തുകൾ, ഇതളുകൾ, അന്തർദാഹം, ഓടക്കുഴൽ, ജീവനസംഗീതം മുതയാവയാണ്

പ്രധാന കൃതികൾ. 'ഓർമയുടെ ഓളങ്ങളിൽ ' എന്ന പേരിൽ രചിച്ച ആത്മകഥ അപൂർണ മാണ്. ആദ്യത്തെ ജ്ഞാനപീഠപുരസ്കാരം 1965–ൽ ജിയുടെ ഓടക്കുഴൽ എന്ന കവിതാ സമാഹാരത്തിനാണ് ലഭിച്ചത്. 1968–ൽ അദ്ദേഹത്തിന് 'പത്മഭൂഷൻ' ലഭിച്ചു. 1978–ൽ അദ്ദേഹം നിര്യാതനായി.

'മഹാനായ ദാർശനിക കവി' എന്നാണ് ഡോ. എം. ലീലാവതി അദ്ദേഹത്തെ വിശേഷി പ്പിച്ചത്. മനുഷ്യ ജീവതത്തിന്റെ എല്ലാ മണ്ഡലങ്ങളിലേക്കും ശങ്കരക്കുറിപ്പിന്റെ കവിത കടന്നുചെല്ലുന്നു. പ്രപഞ്ചത്തിൽ മുഴുവൻ വ്യാപിച്ചു നിൽക്കുന്ന ദിവ്യ ചൈതന്യത്തെ സാക്ഷാത്കരിക്കാൻ അദ്ദേഹം തന്റെ മിസ്റ്റിക് കവിതകളിലൂടെ ശ്രമിച്ചു. ദുർഗ്രഹമായ ആശയങ്ങളെ പ്രതിരൂപങ്ങൾക്കൊണ്ട് സ്പഷ്ടവും സുന്ദരവുമാക്കാൻ അദ്ദേഹത്തിന് സാധിച്ചു.

**പെരുന്തച്ചൻ**

വാർദ്ധക്യത്തിന്റെ അവശതകളിൽ കുറേനാളായി പൊത്തിൻ ചുരുണ്ടു കിടക്കുന്നതു പോലെ കഴിയുകയാണ് പെരുന്തച്ചൻ. വാതം പിടിമുറുക്കിയിട്ടും ജീവിച്ചിരിക്കുന്നുവെന്ന തിന് തെളിവപോലെ ശ്വസിക്കുന്നുണ്ട്. അവശതയിലും മരങ്ങളെക്കുറിച്ചും കുലത്തെഴിലി നെക്കുറിച്ചുമാണ് പെരുന്തച്ചന്റെ ചിന്ത– ഉളിവെക്കുമ്പോൾ കട്ടിപ്പൊന്നുപോലെ മിന്നുന്ന പ്ലാവും കളിവഞ്ചിയുണ്ടാക്കാൻ പറ്റിയ തേൻമാവും ആ മീൻകാലത്ത് ഇറയത്ത് ചെന്നു നിന്ന് കാണാൻ അദ്ദേഹം കൊതിക്കുന്നു

സ്വയം പറമ്പിൽ ഒരു വാഴക്കുറ്റിപോലുമില്ലെങ്കിലും കാണുന്ന മരത്തോടൊക്കെ തനിക്ക് ഇമ്പം തോന്നും. അമ്പലമുറ്റത്ത് വളവും പോടും കേടുമില്ലാത്ത ഒമ്പതാൾ പിടി ച്ചാലും പിടികൂടാത്ത തമ്പകമരമുണ്ട്. അതുമുറിച്ചാൽ തന്റെ നാട്ടിലെ എല്ലാ മുളമോന്തായ ങ്ങളും മരമുത്തരമാക്കാനാകും. അല്ലെങ്കിൽ ഊരാണമക്കാർ മോഹിക്കുന്നത് പോലെ അവ രുടെ മാളികകൾക്ക് ചീലാന്തിയുണ്ടാക്കാം. പക്ഷേ പുതലിച്ചുപോയ തന്റെ തടികൊണ്ട് ആ കാതലിൽ ഉളി വീഴ്ത്താനാവില്ലല്ലോ. 'നാനി' യുടെ നിവർന്ന കടഞ്ഞെടുത്ത മെയ്യ ഴകും ഓർമയായിരിക്കുന്നു. പൂത്ത ചെമ്പകത്തെപ്പോലെയിരുന്ന അവർ വെടിവെച്ചാൽ പോലും കേൾക്കാത്തവിധം ചെകിടിയായി കുനികൂടി കഴിയുന്നു. മുറുക്കിചുവപ്പിച്ച് പൂത്തവെള്ളിലയുടെ ശോഭയോടെ തന്റെ അരികത്തവന്നു നിൽക്കാറുള്ള 'നാനി' യെ പെരു ന്തച്ചൻ ഓർക്കുന്നു. ഇപ്പോൾ കരിവെറ്റിലത്തുണ്ടും കൊട്ടടയ്ക്കയും നൂറിൻ തരിയും പുക യിലഞെട്ടും തപ്പി തപ്പി നടക്കുന്ന നാനി പെരുന്തച്ചനിൽ വല്ലായ്മ പടർത്തുന്നു.

പണിചെയ്യുവാൻ വയ്യെങ്കിലും നീങ്ങിനിരങ്ങി പണിശാലയിൽ ചെന്നിരിക്കാൻ കഴി ഞ്ഞിരുന്നുവെങ്കിലെന്ന് അയാൾ മോഹിക്കുന്നു. ദൂരെ കരിവീട്ടിയുടെ കാതൽ കടത്തു ണ്ടാക്കിയ വൻമരിക കമിഴ്ത്തിവെച്ചതുപോലുള്ള ആകാശത്തിനു കീഴെ തന്റെ കൈകൾകൊണ്ടു തീർത്ത പെരും തൃക്കോവിലിന്റെ ചെമ്പുതാഴികക്കുടം കാണുന്നു. അതിനു മുമ്പിലെ ഉയർന്ന കൊടിമരത്തിൽ പറക്കാൻ ചിറകുവിടർത്തുമ്പോഴുള്ള ചലനം പോലും ആവാഹിക്കുന്ന വിധം ഗരുഡന്റെ മനോഹര രൂപം കൊത്തിയെടുത്തത് ഉളിപിടിക്കാൻ താൻ തന്നെ പഠിപ്പിച്ച തന്റെ പ്രിയമകനായിരുന്നല്ലോ എന്ന് അയാൾ വേദനയോടെ ഓർക്കുന്നു. ഗരുഡന്റെ ചിറുകുകൾ ഇപ്പോഴും ചലിക്കുന്നതായി തോന്നുന്നത് മകന്റെ കരവിരുതുകൊ ണ്ടാണ്. മകന്റെ കരവിരുതിൽ താൻ അസൂയാലുവായിരുന്നുവെന്നത്രേ നാട്ടുകാർ പറ ഞ്ഞുപരത്തിയത്. ഏതച്ചനാണ് മകനുലഭിക്കുന്ന പ്രശംസ ഉൾക്കൊള്ളാനാവാതിരിക്കുക ? ആയിരം മണിയുടെ നാവടക്കാം, പക്ഷേ ഒരു മനുഷ്യന്റെ നാക്കടക്കാന ആർക്കെങ്കിലും കഴിയുമോ ?

അച്ഛനും മകനും വെവ്വേറെ പണികഴിപ്പിച്ച രണ്ടു ഗോപുരത്തിന്റെ തട്ടിലായി അഷ്ട ദിക്പാലക രൂപത്തെ താരതമ്യപ്പെടുത്തി മകന്റേതാണ് കൂടുതൽ ജീവസ്സുറ്റതെന്ന് നാട്ടുകാർ പറയാൻ തുടങ്ങി. എന്റെ കണ്ണിലുണ്ണിയായ മകന് ലഭിക്കുന്ന പ്രശസ്തി തന്റേതുകൂടിയാണല്ലോ എന്നാണ് താൻ അപ്പോൾ ചിന്തിച്ചത്. മകനെ മറ്റുള്ളവർ പുകഴ്ത്തുമ്പോൾ തന്റെ മുഖം മങ്ങുന്നുവെന്ന് ആളുകൾ കളിയാക്കി. താൻ തച്ചനാണെങ്കിലും അച്ചനല്ലാതാവില്ലല്ലോ എന്നാണ് അപ്പോടും ചിന്തിച്ചത്. ' കണക്കും കോപ്പും മുത്താശാരിക്കാണെങ്കിലും ശില്പഗുണം മകനാണ്' എന്ന നാട്ടുകാരുടെ വിലയിരുത്തലും താൻ ഗൗനിച്ചില്ല. ആലയിൽ അടുത്തടുത്തിരുന്ന് പണിചെയ്യുമ്പോഴും അച്ചനും മകനും മിണ്ടുന്നില്ലെന്നായിരുന്നു പിന്നീട് നാട്ടുകാരുടെ കണ്ടെത്തൽ. കേമനായ മകൻ ഗ്രഹിച്ചതും അഭ്യസിച്ചതും ഈ അച്ഛനിൽ നിന്നാണല്ലോ എന്ന് അഭിമാനിക്കുകകയായിരുന്നുഅപ്പോൾ. ഞായറു മറഞ്ഞേക്കാം തിങ്കളാലല്ലേ' എന്ന മൂത്തനായരുടെ ചോദ്യമുനയും താൻ കേട്ടില്ലെന്ന് നടിച്ചു.

വഴിപോക്കർ പാലത്തിന്റെ നടുക്കെത്തുമ്പോൾ അപ്രതീക്ഷിതമായി മുഖത്തേക്ക് തുപ്പുന്ന യന്ത്രപ്പാവയെ വെറും നേരം പോക്കിനുവേണ്ടി ഉണ്ടാക്കിയതായിരുന്നുവെന്ന് പെരുന്തച്ചൻ ഓർക്കുന്നു. ഈ വിചിത്രവിദ്യ കാണാൻ ആ ആറ്റിൻ വക്കിൽ ആളുകൾ നിറയാൻ തുടങ്ങി. എന്നാൽ നാലു ദിനം കഴിയുന്നതിനു മുമ്പുതന്നെ തുപ്പുവാൻ ഭാവിച്ച് പൊങ്ങുന്ന തന്റെ പാവയുടെ വാ തുക്കുമ്പോഴേക്കും ചെകിടത്തടിക്കുന്ന മറ്റൊരു പാവ പാലത്തിൽ സ്ഥാനം പിടിച്ചു. മകന്റെ കരവിരുതിൻ നിന്നാണ് ആ പാവയുണ്ടായത് എന്നറിഞ്ഞപ്പോൾ പെരുന്തച്ചന് അടിയേറ്റതുപോലെ തോന്നി.

അച്ഛൻ അസ്വസ്ഥനായി നിൽക്കെ 'നാനി' യുടെ കണ്ണീർ വകവെയ്ക്കാതെ ആകാശത്ത് ഒരേ സമയം രണ്ടു ചന്ദ്രൻമാർക്ക് സ്ഥാനമില്ലെന്ന തിരിച്ചറിവിൽ മകൻ വീടു വിട്ടു പോയി. മകൻ പടിയിറങ്ങുമ്പോൾ ഉമിനീറും പോലെ മനസ് നീറിയെങ്കിലും അച്ഛൻ ഒന്നും ഉരിയാടിയില്ല. തന്നെ നിന്ദിക്കാനായിരുന്നില്ല മകൻ അത്തരമൊരു മിടുക്ക് കാട്ടിയതെന്ന് ഇന്ന് പെരുന്തച്ചൻ തിരിച്ചറിക്കുന്നുണ്ട്.

പിന്നീട് കോവിലിൽ പുതിയ ആനപ്പന്തൽ പണിയുമ്പോൾ താൻ മകനെ തിരിച്ചു വിളിച്ചത് എന്തിനായിരുന്നുവെന്ന് പെരുന്തച്ചൻ ചിന്തിക്കുന്നു.

മതിലിനകത്ത് ചെന്നപ്പോൾ ' മകനോടാലോചിച്ചു ഭംഗിയാക്കണം പന്തൽ ' എന്ന തമ്പുരാന്റെ വാക്ക് പെരുന്തച്ചനെ ഏറെ അസ്വസ്ഥനാക്കിയിരുന്നു. ഇതുവരെ മറ്റൊരാളുടെ ഉപദേശം തേടാത്ത തന്നോട് അങ്ങനെ പറഞ്ഞപ്പോൾ തിരിച്ചുപോരാൻ തോന്നിയതാണ്. എന്നിട്ടും ക്ഷമിച്ചത് തന്റെ മകണാല്ലോ എന്ന ചിന്തകൊണ്ടാണ്. താൻ അതിൽ അസൂയാലുവായി എന്നായി പിന്നീട് നാട്ടുകാരുടെ കണ്ടെത്തൽ. മകനുള്ള മാനം അച്ഛനുമുണ്ടായിക്കൂടെ. മരാശാരി മരല്ലല്ലോ വികാരരഹിതനാകാൻ.

ഊരാണന്മക്കാർ കൗതുകത്തോടെ നോക്കി നിൽക്കെ ഭംഗിയുള്ള പന്തൽ പൊങ്ങി. മുകപ്പിന്റെ കൊത്തുവേലകൾ ബാക്കിയുണ്ട്. അത് താൻ ചെയ്തതോളാ എന്നും അച്ഛൻ മോന്തായം കയറ്റിക്കോളൂ എന്നും മകൻ പറഞ്ഞപ്പോൾ പെരുന്തച്ചന് തന്റെ മേധാശക്തിക്ക് പ്രഹരമേറ്റതുപോലെ തോന്നി. 'മോനനുവദിക്കണോ മോന്തായം മോളിൽ കേറ്റാൻ' എന്ന് പെരുന്തച്ചൻ അമർഷത്തോടെ സ്വയം ചോദിക്കുന്നു. മുകപ്പിന്റെ കൊത്തുവേലകൾ തന്നെ അതിശയിക്കാൻ പോന്ന കരവിരുത് പ്രകടിപ്പിക്കാൻ മകന് അവസരം നൽകുമെന്ന് ഒരു വേള പെരുന്തച്ഛൻ ചിന്തിച്ചിരിക്കാം.

ചന്ദനപ്പലകയിൽ മഹാലക്ഷമീ ദേവിയുടെ കേളീപത്മം കൊത്തിക്കൊണ്ടിരുന്ന മകന്റെ കഴുത്തിലേക്ക് നേരെ മുകളിൽ മോന്തായത്തിന്റെ ആണി ചീന്തികൊണ്ടിരുന്ന പെരുന്തച്ചന്റെ വീതുളി ഊർന്നുവീഴുന്നു. 'കൈയറിയാതെ, യറിയാതെയാ–ണുളി' എന്ന് പെരുന്തച്ചൻ

സ്വയം ആശ്വസിക്കാൻ ശ്രമിക്കുന്നുണ്ട്. മകന്റെ മേൽ വീഴല്ലേ എന്ന് വീണ നിമിഷം തന്നെ താൻ നേർന്നിരുന്നുവെന്ന് പെരുന്തച്ചൻ ഓർക്കുന്നു. പക്ഷേ കണ്ണുമിഴിക്കുമ്പോഴേക്കും പിടയുന്ന കഴുത്തുമായി കിടക്കുന്ന മകനെയാണ് പെരുന്തച്ചൻ കണ്ടത്. ചുറ്റും കൂടിയ ആളുകളുടെ നോട്ടം സൂചി തുമ്പുപോലെ തന്റെ നേരെ നീളുമ്പോൾ കാലുറക്കാതെ താഴെ വീണ താൻ മകൻ 'മാപ്പെ'ന്ന് പറഞ്ഞത് കേട്ടില്ല. മരണവേളയിൽ മകൻ 'മാപ്പ്' എന്ന് പറഞ്ഞുവെന്ന് സ്വയം സമാധാനിക്കാൻ പെരുന്തച്ചൻ കല്പിച്ചെടുത്തതാവാം. തെറ്റു ചെയ്ത വരാണല്ലോ മാപ്പു പറയുക. മകൻ തെറ്റു ചെയ്തിട്ടാണ് താനങ്ങനെ ചെയ്തുപോയത് എന്ന് പെരുന്തച്ചൻ സ്വയം ബോധിപ്പിക്കാൻ ശ്രമിക്കുകയാണ് എന്ന് അനുവാചകർക്ക് ബോധ്യപ്പെടും.

രക്തത്തിൽ കുളിച്ചു കിടന്ന ശിരസറ്റ മകന്റെ രൂപം പെരുന്തച്ചനെ വേട്ടയാടിക്കൊണ്ടേയിരുന്നു. നാനിയെ ചിരിച്ചു കണ്ടിട്ടില്ല. പിന്നീടാരും ജീവിച്ചിരുന്നെങ്കിൽ വാർദ്ധക്യത്തിന്റെ ഈ അവശതകളിൽ തനിക്കും നാനിക്കും അവൻ ഊന്നുവടിയായേനേ എന്ന് പെരുന്തച്ചൻ വേദനയോടെ ചിന്തിക്കുന്നു. ഒരച്ഛനിത് ചെയ്യാനാവില്ലെന്ന് ആവർത്തിച്ച് ആശ്വസിക്കാൻ ശ്രമിക്കുന്ന പെരുന്തച്ചൻ 'ഭീമമാപമൃത്യു പിണയാതിരുന്നെങ്കിൽ' എന്ന് വിലപിക്കുന്നു. എന്നാൽ തന്റെ അന്ത:കരണം 'പിയ്ക്കാതിരുന്നെങ്കിൽ' എന്ന് തിരുത്തി പറയുന്നത് പെരുന്തച്ഛൻ അറിയുന്നു. എങ്ങനെയൊക്കെ മായ്ക്കാൻ ശ്രമിച്ചാലും ഉള്ളിൽ തെളിഞ്ഞു വരുന്ന ആ ഭീകരസത്യം പെരുന്തച്ഛനെ നിരന്തരം വേട്ടയാടുന്നു. ഈയൊരറ്റ പ്രയോഗത്തിലൂടെ പെരുന്തച്ഛന്റെ മാനസിക സംഘർഷം കവി നമ്മുടേതുകൂടിയാക്കിതീർക്കുന്നു. ആശ്വാസത്തിനായി സ്വയം കല്പിച്ചെടുക്കുന്ന യുക്തികളും വിശ്വാസങ്ങളും മാഞ്ഞുപോകുകയും യാഥാർത്ഥ്യം മനസ്സിന്റെ അബോധതലത്തിൽ മങ്ങാതെ നിൽക്കുകയും ചെയ്യുമ്പോഴുള്ള ഭീകരാരവസ്ഥ പെരുന്തച്ഛൻ അനാവരണം ചെയ്യുന്നു.

**150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.**

1. തമ്പകമരത്തെക്കുറിച്ചുള്ള പെരുന്തച്ചന്റെ ചിന്തകൾ അക്കാലത്തെ സാമൂഹികാവസ്ഥയെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് നൽകുന്നത്. ?
2. 'നാനി' യെ ക്കുറിച്ചുള്ള പെരുന്തച്ചന്റെ ഓർമകൾ എന്തെല്ലാം. ?
3. ആയിരം മണിയുടെ നാക്കടക്കീടാ, മൊറ്റ–
   വായിലെ നാവാർക്കാനും കെട്ടുവാൻ കഴിയുമോ ? സന്ദർഭമേത് ?
4. " ഞായറുമറഞ്ഞേക്കാം തിങ്കളാലല്ലേ " എന്ന മൂത്ത നായരുടെ വാക്കിലെ ധ്വനിയെന്ത് ?
5. 'ഇടമില്ലാകാശത്തു രണ്ടു തിങ്കളിനെന്നും ' – ആശയം വിശദമാക്കുക.
6. 'വാശിയാലെ നിക്കടിയേറ്റതു പോലെ തോന്നി ' – സന്ദർഭമേത് ?
7. വീണുഞാൻ, മകൻ 'മാപ്പെ'ന്നോതി പൊർ, കേട്ടില്ല ഞാൻ.– സന്ദർഭമേത് ?
8. " പിണയ്ക്കാതിരുന്നെങ്കിലെന്നു ഹാ, തിരുത്തുന്നു–
   ണ്ടുണരുന്നൊരെന്നന്ത:കരണം കൂടെ കൂടെ " – ആശയം വിശദമാക്കുക.

**ഉപന്യാസ രൂപത്തിൽ ഉത്തരമെഴുതുക**

1. പാപബോധത്താൽ വേട്ടയാടപ്പെടുന്ന ഒരു മന:സാക്ഷിയുടെ വിചാരണയാണ് പെരുന്തച്ചൻ എന്ന കവിത. ' സമർത്ഥിക്കുക.

**സഹ്യന്റെ മകൻ** – വൈലോപ്പിള്ളി ശ്രീധരമേനോൻ

ചേരാനല്ലൂർ കൊച്ചുകുട്ടൻ കർത്താവിന്റെയും കളപ്പുരക്കൽ നാണിക്കുട്ടിയമ്മയുടെയും മകനായി 1911–ൽ ഏറണാകുളത്താണ് ശ്രീധരമേനോൻ ജനിച്ചത്. ഏറണാകുളം

മഹാരാജാസ് കോളേജിൽ നിന്ന് ബിരുദം നേടിയ അദ്ദേഹം വിവിധ സ്ക്കൂളുകളിൽ ശാസ്ത്ര ധ്യാപകനായിരുന്നു. കന്നിക്കൊയ്ത്ത് , കുടിയൊഴിക്കൽ, ഓണപ്പാട്ടുകാർ, കടൽക്കാക്ക കൾ, വിത്തും കൈക്കോട്ടും, കയ്പ്പവല്ലരി, വിട മകരക്കൊയ്ത്ത് തുടങ്ങിയവയാണ് പ്രധാന കൃതികൾ.

മലയാള കവിതയിൽ ഒരു യുഗപരിവർത്തനത്തിന് സാക്ഷ്യം വഹിച്ച കവിതകൾ എന്ന നിലയിൽ വൈലോപ്പിള്ളിയുടെ കവിതകൾ പ്രത്യേകം പഠനമർഹിക്കുന്നു. പുറ മേക്ക് നിശ്ചലമെന്ന് തൊന്നിക്കുന്ന മനസ്സിന്റെ അഗാധതളിൽ നടക്കുന്ന സംഘർഷങ്ങൾ വൈലോപ്പിള്ളിയുടെ പല കവിതകളും അനാവരണം ചെയ്യുന്നു. മനശാസ്ത്രപരമായ ഈ അന്തർ ദൃഷ്ടിയാണ് തച്ചന്റെ മകൻ, സഹ്യന്റെ മകൻ എന്നീ കവിതകളുടെ മുഖ്യ ഭാവം.

**സഹ്യന്റെ മകൻ**

ഉത്സവം നടക്കുന്ന അമ്പലത്തിന്റെ വെളിച്ചത്തിൽ കുളിച്ചു നിൽക്കുന്ന മുറ്റത്ത് കരിമ്പാറകൾ പോലെയുള്ള പതിനഞ്ചാനകൾ ഒരുങ്ങിനിൽക്കുന്നു. അവയുടെ നെറ്റിപ്പട്ട ങ്ങൾ വെളിച്ചത്തിൽ അരുവികളെപ്പോലെ മിന്നുന്നു. വാദ്യമേളത്തിന്റെ ഉന്മത്തതയിൽ തല യാട്ട് താഴ്‌വരപോലെ പരന്നു നിൽക്കുകയാണ് പുരുഷാരം. ഉത്തവരംഗം വർണ്ണിക്കാൻ കവി ഉപയോഗിച്ച ബിംബങ്ങൾ നോക്കുക. കരിമ്പാറകൾ, അരുവികൾ, താഴ്‌വരകൾ എന്നീ ഉപമാനങ്ങൾ ഉപയോഗിച്ച് ആനയുടെ ദൃഷ്ടിയിലൂലെ ഉത്സവത്തെ കാണാനാണ് കവി ശ്രമിക്കുന്നത്. അനയുടെ അബോധത്തിൽ കാട് ഒരു കിനാവായി നിറയുന്നു.

മുറുക്കാൻ ചവച്ചിരിക്കുന്ന ഒരു സംഘം നടുക്കുള്ള കൊമ്പനാനായെക്കുറിച്ച് പറയു ന്നത് കേൾക്കുക. " അവൻ കുറുമ്പനാണ് ദേവന്റെ പൊൻതിടമ്പാടണ് ഏറ്റുന്നതെങ്കിലും ആ മസ്തികത്തിനുള്ളിൽ മന്ത്രിക്കുന്നത് പിശാചുക്കളാണ്. മദം ജലം മുഴുവൻ തോരുന്ന തിനു മുമ്പുതന്നെ അവനെ ഉത്സവത്തിന് കൂട്ടിയിരിക്കുകയാണ്. എന്തൊരു തലപ്പൊക്കമാ ണവന്! അവന്റെ നീണ്ട കൊമ്പുകൾ എന്തെല്ലാമോ സാഹസത്തിന് ഒരുങ്ങി നിൽക്കുകയാ ണെന്ന് തോന്നുന്നു. കണ്ണുകൾ നിണസ്വപ്നം കാണുന്നു, തുമ്പിക്കരം മണ്ണുതോണ്ടുന്നു പാവം ശാന്തിക്കാരൻ വിറച്ചു നിൽക്കുന്നു".

ഉത്സവമേളം, ദീവെട്ടകൾ, ജനത്തിരക്ക് എന്നിവ തീർക്കുന്ന ശബ്ദസാഗരം കൊമ്പൻ അറിയുന്നേയില്ല. തന്നെ തളക്കാനുള്ള കൂച്ചു ചങ്ങലയെയോ കൂർത്ത തോട്ടിചാരി നിൽക്കുന്ന പാപ്പാനേയോ അവൻ ഗൗനിക്കുന്നില്ല. ആ സമയത്ത് അവന്റെ പ്രൗഢമായ മസ്തിഷ്കത്തിനകത്തിന്റെ ഇരുളിൽ ഭ്രാന്തിന്റെ നിലാവ് പെയ്യുകയായിരുന്നു.

ഏതോ സാഹസിക സങ്കലപ്പത്തിൽ മേയുന്ന അവൻ സ്വാതന്ത്രത്തിന്റെ ചിറകുകകൾ കണക്കെ വലിയ പുള്ളിച്ചെവികൾ വീശിക്കൊണ്ടിരുന്നു. മനോയാത്രയിൽ അവൻ എത്തി ച്ചേർന്നത് വസന്തത്തിൻെ സമൃദ്ധിയിൽ പൂത്തുലഞ്ഞു നിൽക്കുന്ന ചെറുപ്പത്തിൽ തന്റെ കളിമുറ്റമായിരുന്നു സഹ്യസാനു ദേശത്താണ്. സഹ്യതാഴ്‌വരയല്ലാതെ മറ്റൊരിടവും തന്നെ പ്പോലെയൊരാനക്ക് അനുയോജ്യമല്ലെന്ന് അവൻ ഓർക്കുന്നു. അവിടെ മലർവാകകൾ പൂത്ത് മാണിക്യമുതിർക്കുന്നുണ്ട്. മസ്തകം തലോടാൻ ഇളം മാരുതനുണ്ട്. പട്ടിലും മൃദു വായ തളിരുകളും ഈന്തൽപട്ടകളും മുകളും വിരുന്നൊരുക്കി കാത്തു നിൽക്കുന്നുണ്ട്. കാട്ടുപൂഞ്ചോലകൾ അമൃതിലും വിശിഷ്മായ തണ്ണീരുമായി മാടി വിളിക്കുന്നുണ്ട്. വേർപെ ട്ടുപോയ ഒരു മകനെ അണയാൻ വെമ്പുന്ന അമ്മയുടെ ഭാവമാണ് കവി ഇവിടെ സഹ്യനു നൽയിരിക്കുന്നത്. ചിരിക്കുന്ന വാകപ്പൂക്കൾ, ആശ്വാസമേകുന്ന മാരുതൻ, മൃദുവിരലുക ളാകുന്ന തളിരുകൾ, കുളിർമയാകുന്ന തണ്ണീർ ഇഷ്ടഭോജ്യമൊരുക്കിയുള്ള കാത്തിരുപ്പ്...... ഇവയെല്ലാം വനത്തിന് മാതൃഭാവം നൽകുന്നുണ്ട്.

ചിന്തകൾ കടന്നൽ കൂടാക്കിതീർത്ത തലയിൽ തെളിഞ്ഞ സങ്കല്പ വീഥികളിൽ അലയാൻ കൊമ്പൻ കൊതിക്കുന്നു. മദലഹരിയിൽ മറ്റെല്ലാം മറന്ന് അത് മുന്നോട്ടായുന്നു. നീട്ടിവെച്ച കാലിൽ പാൽച്ചറം തെറിച്ച് കാട്ടുപാതയിലൂടെ സർവസ്വാതന്ത്ര്യത്തോടെ നടക്കുന്നു. കാറ്റിൽ വരുന്നത് പാലപ്പൂവിന്റെ സുഗന്ധമാണോ, അതോ കാട്ടുപനകളിൽ നിക്കൊലിക്കുന്ന കള്ളിന്റെ ഗന്ധമാണോ ? മെരുവിന്റെ മദദ്രവമാണോ ? ആന തെല്ലിട തുമ്പികൈകൾകൊണ്ട് വായുവിൽ തപ്പിനോക്കി. പാറയിൽ നിന്ന് ജലം വാർന്നു പോകുന്നതു പോലെ തന്റെ വീര്യം വാർന്നുപോകുന്നതായി അവന് അനുഭവപ്പെടുന്നു. വിഷവള്ളി തിന്നതുപോലെ. ജ്വരം ബാധിച്ചതുപോലെ.

മരക്കൊമ്പുകൾ ഒടിഞ്ഞ് വീഴുന്നു. മസ്തകത്തിൻ ചെമ്മണ്ണിന്റെ പൂമ്പൊടി പൊഴിയുന്നു. ഉൽത്തരിപ്പ് തീർക്കാൻ ഭിത്തിയിൽ ഉരച്ചപ്പോൾ രക്തഗന്ധമുള്ള പാൽ ആ പാലയിൽ നിന്നുതിരുന്നു. ബലം ചോർന്നെന്ന് തോന്നുമ്പോഴും ഉഗ്രബലം തന്റെ ഉടലിൽ നിയുന്നത് ആന അറിയുന്നു. സ്നേഹിക്കാൻ വെമ്പുമ്പോൾ തന്നെ പിടിച്ചുകൊല്ലാനും തോന്നുന്നു

ഇവിടെ ബാല്യത്തിൽ നിന്ന് കൗമരാത്തിലേക്കെത്തുമ്പോഴുള്ള പുരുഷാനുഭവത്തെ കവി വ്യംഗ്യമായി സൂചിപ്പിക്കുന്നു. എങ്ങോട്ടോ കുതിക്കാനുള്ള വെമ്പൽ ലഹരിപിടിപ്പിക്കുന്ന ആന്തരിക ചോദനകൾ. ബലം ചോർന്നുപോകും പോലെയും ഇരട്ടിക്കും പോലെയുമുള്ള തോന്നൽ. ആരെയൊക്കെയോ സ്നേഹിക്കാനും കൊല്ലാനുമുള്ള വ്യഗ്രത.

മദലഹരിയിൽ കാൽ കീഴിൽ അമരുന്നതും വീഴുന്നതും വൃക്ഷശാഖകളല്ല മനുഷ്യരാണെന്ന് അനയറിയുന്നില്ല. കവിൾ ചേർത്തുരക്കുന്നത് ക്ഷേത്ര തൂണിലാണെന്നും അറിയുന്നില്ല.

വസന്തിന്റെ മണം ഓർത്തോർത്ത് ആന കാട്ടുപാതയിലൂടെ മുന്നേറി. പൊന്തയിൽ പുള്ളിപ്പുലി പതുങ്ങിയിരിന്നുന്നുണ്ട്. അവനെ കൊമ്പിൻക്കോർക്കാൻ ഉത്സാഹം തോന്നുന്നില്ല. തിരിഞ്ഞോടുന്ന കുരങ്ങന്മാരുടെ പുച്ഛം നിറഞ്ഞ വാക്കുകൾ മറുപടി നൽകാൻ സമയമില്ല. പൊയ്കയിൽ കാട്ടുപോത്തുകൾ കൊമ്പിട്ടടിക്കുന്ന ശബ്ദവും മരത്തിൽ പന്നികൾ തേറ്റ ഉരമ്പുന്ന ശബ്ദവും കേൾക്കുന്നുണ്ട്. ദൂരെ ഏറുമടഞ്ഞിലിരുന്ന് വേടൻമാർ പാടുന്നുണ്ട്. പക്ഷേ ഇവരൊന്നും കേട്ടുനിൽക്കാൻ സമയമില്ല. പകൽ പറയുന്ന മാമര നിഴലുകൾക്ക് അകിടേകാൻ ഇരുട്ട് വന്നെത്തുന്നു. കിളികൾ കൂടണയുന്നു. ആകാശത്തിലെ നീല പൂവൻമയിൽ പീലിവിടർത്തിക്കഴിഞ്ഞു. കാട്ടുമുല്ല വാസന ചൊരിയുന്നു. നിലാവിൽ വനദേവന്മാർ നൃത്തമാടുന്നു. വേട്ടമൃഗങ്ങളുടെ ഓട്ടത്തിൽ ചില്ലകൾ ഒടിയുന്നു. കുറുക്കന്മാർ ഓരിയിടുന്നു ഇരുളിന്റെ നിശബ്ദത ഭേദിച്ചുകൊണ്ട് ചീവീടുകൾ വിലപിക്കുന്നു.

ക്ഷണനേരം ആനയുടെ ചേതനയുണർന്നു. താൻ കാട്ടിലല്ല ഉത്സവരംഗത്താണെന്ന് നിമിഷനേരത്തേക്ക് അവൻ തിരിച്ചറിയുന്നു. ഉത്സവപറമ്പിലെ മനുഷ്യരെ പതിയിരിക്കുന്ന പുലികളും തിരിരഞ്ഞോടുന്ന കുരങ്ങന്മാരുമായാണ് ആന കാണുന്നത്. വാദ്യഘോഷങ്ങളും ആരവങ്ങളും കാട്ടിലെ വിവിധ ശബ്ദങ്ങളായി ധരിക്കുന്നു. കാട്ടുപൊയ്കയിലെ തവളകളുടെ കരച്ചിലായി അവയെ ആവഗണിക്കുന്നു. ഉത്സവപറമ്പിലെ വെളിച്ചങ്ങൾ കാട്ടിലെ മിന്നാമിനുങ്ങകളായി അവനെ നോക്കി ചിരിക്കുന്നു. രാറതി അകലുന്നതും പകൽ രശ്മികൾ എട്ടുകാലി വലകൾ തീർക്കുന്നതും അവൻ അറിയുന്നു. പേടമാനുകൾ ഗൂഢമാം വള്ളിക്കെട്ടിനുള്ളിൽ നിന്നും പേടിയോടെ തന്നെ നോക്കുന്നുണ്ട്. വനപാതയിൽ പുതയൊരു ഗന്ധം പരക്കുന്നത് അവന്നറിയുന്നു. പ്രാണനെ നിർവൃതിയിലേക്ക്ത്തിക്കുന്ന ഗന്ധം.

മാമരശികരങ്ങളൊടിഞ്ഞുണ്ടായ വഴിയിൽ താമരയിലെ വടിവുള്ള പിടിയാനയുടെ കാൽപാടുകൾ ആവി പൊങ്ങുന്ന പച്ചപിണ്ഡം. ഈ വഴി ആനകൾ വെള്ളം കുടിക്കാൻ

പോയിട്ടുണ്ടെന്ന് അവൻ ഊഹിക്കുന്നു. അമ്പലത്തിൽ നിന്നുയരുന്ന കൊമ്പുവിളി ചിന്നം വിളിയെന്ന് അവൻ തീർച്ചപ്പെടുത്തുന്നു.

പുലർവായുവിൽ ചാമരം വീശുന്ന ദർഭകൾ നിറഞ്ഞ ആറ്റുവക്കിൽ സഹ്യന്റെ സൗന്ദര്യധാമങ്ങളായ ആനക്കൂട്ടത്തെ കാണുന്നു. അവയ്ക്കൊപ്പം ചേരാൻ കൊതിച്ച് കുതിച്ച അവന്റെ കൂച്ചു ചങ്ങല പൊട്ടുന്നു. അവയെ കാട്ടുവള്ളികളായേ അവൻ ഗണിച്ചുള്ള 'ആനയോടി' എന്ന ആർപ്പുവിളിയോടെ ജനം ജീവനും കൊണ്ടോടുമ്പോൾ കാറ്റിൽ കൊടുങ്കാറ്റു പടർന്നതായി ആനക്ക് തോന്നുന്നു. മലവെള്ളപ്പാച്ചിലോ കാടിളക്കുന്ന കാട്ടാളന്മാരുടെ ആരവമോ ആണെന്ന് ആന സന്ദേഹിക്കുന്നു. കുരങ്ങന്മാർ തന്റെ പുറത്തുകയറി മറിയുകയാണോ ? പൂത്തകാട്ടുമരങ്ങൾ പേടിച്ചോടുകയാണോ കാൽചുവട്ടിൽ ഞെരിയുന്ന ചെടികൾ കരയുന്നതെന്തങ്ങനെ ? ഉരിഞ്ഞെടുക്കുന്ന മരക്കൊമ്പുകളിൽ നിന്ന് രക്തം കിനിയുന്നതെന്താണ് ?.

കൊലക്കളമായിതീർന്ന അമ്പലത്തിൽ നിന്ന് പുറത്തുകടക്കാനുള്ള അറിയിപ്പ് വന്നു. അല്പസമയം കൊണ്ട് ശബ്ദഘോഷവും വെളിച്ചവും അടങ്ങി. മൂക്കിൽ തങ്ങിനിൽക്കുന്ന ദുർഖന്ധം മാത്രം ബാക്കിയായി.

ആനയുടെ ഉള്ളിൽ വീണ്ടും ഒരു വനചിത്രം തെളിഞ്ഞു. കൊമ്പുമുളക്കാൻ തുടങ്ങിയിട്ടും കളി കൈവെടിയാത്തെ കോമളന്മാരായ കുട്ടിയാനകൾ. ആറ്റു നീർകുടിക്കുമ്പോഴും പ്രണയനീർ കൊത്തിക്കുന്ന പിടിയാനകൾ അവരൊടൊത്ത് കളെളാത്ത വെള്ളം കുടിച്ചും കരിമ്പൊത്ത നായ്ക്കണ ചീന്തിയും അവൻ രസിച്ചുവോ? കൂട്ടത്തിൽ സുന്ദരിയായ പിടിയാനയുടെ കാട്ടുതാളിലപോലുള്ള കോമള കർണങ്ങളിൽ തന്റെ മനോരഥം മന്ത്രിച്ചുവോ ? ചങ്ങല തൊടാത്ത അവളൂടെ കാലിൻ തുമ്പികൈകൊണ്ട് അവൻ പ്രേമചങ്ങല ബന്ധിച്ചുവോ ? ഇതിന്റെ പരമാർഥമറിയുന്നത് ഉൽസവപന്തലിലെ കുലവാഴകൾക്കായിരുന്നു. പല രീതിയിൽ കുഴഞ്ഞുമറിഞ്ഞു കിടക്കുന്നു അവയോടായിരുന്നവല്ലോ അവന്റെ പ്രേമലീലകളെല്ലാം.

മറ്റൊരു കൊമ്പനാന തന്നെ എതിർക്കാൻ വരുന്നതായി അവനു തോന്നി. അവന്റെ യമദണ്ഡം പോലുള്ള തുമ്പികൈ തന്റെ നേർക്ക് ഉയരുന്നു. കാടു കുലുങ്ങുന്നു. പിടിയാനകൾ നോക്കി നിൽക്കുന്നു കുട്ടികൾ നടുങ്ങുന്നു. ഉള്ളിൽ അടിമച്ചേറാണെങ്കിലും തന്നിൽ വീര്യം ഉണരുന്നത് അവൻ അറിയുന്നു. അഹങ്കാരം പതയുന്ന ശത്രുവിന്റെ മസ്തകത്തിൽ അവൻ ആഞ്ഞു പ്രഹരിച്ചുവോ. ഗോപുരത്തിലെ ഇടിഞ്ഞുവീണ തൂണുകൾക്കും കൽകഷ്ണങ്ങക്കുമേ പരമാർഥമറിയൂ.

ഇരുട്ടത്ത് പേടിച്ചോടിയ മാലോകരുടെ ധൈര്യം പകൽ വെളിച്ചത്തിൽ ഉണർന്നു ദുർമൃത്യവിന്റെ സേവക്കാരനെപ്പോലൊരു പട്ടാളക്കാരൻ ക്ഷേത്രമതിലിൽ കയറിയിരുന്നു. അയാളുടെ വെടിയുണ്ടെയിൽ അശരണനായ ആ മദയാന ആരെയോ വിളിച്ചലറി പിടഞ്ഞു വീണു. കോവിലിൽ മയങ്ങുന്ന മാനവരുടെ ദൈവം ആ വിളി കേട്ടുവോ ? ആ നിലവിളി സഹ്യ ഹൃദയത്തിൽ ചെന്നു തട്ടി പ്രതിധ്വനിച്ചു. പുത്രവിയോഗം സഹിക്കാതെ സഹ്യനും ആ സങ്കടത്തിൽ പങ്കുകൊണ്ടു.

**150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.**

1. അറിയില്ലൊരു പക്ഷേ
   പന്തലിൽ പലേപടി.
   മറിയും കുലവാഴ
   യ്ക്കറിയാം പരമാർഥം ' – സന്ദർഭം വിശദീകരിക്കുക.
2. കാനന വീഥിയിൽ കൊമ്പനാന കാണുന്ന കാഴ്ചകളെന്തെല്ലാം. ?

3. അമ്പല മുറ്റത്തുനിന്ന കൊമ്പനെക്കുറിച്ച് കാണികളുടെ അഭിപ്രായങ്ങളെന്തല്ലാമായിരുന്നു. ?
4. സഹ്യന്റെ മാതൃഭാവം കവി ചിത്രീകരിക്കുന്നതെങ്ങനെ ?
5. വിഷവല്ലരി തിന്നോ ?
   വിപിനാന്തരാളത്തിൽ
   വിഷമജ്വരം വന്നു
   തന്നെയും ബാധിച്ചെന്നോ ? – ഇങ്ങനെ തൊന്നാൽ കാരണമെന്ത് ?
6. വരിയായുദ്യോദിക്കു
   മദ്ദീവെട്ടികൾ മുറ്റും
   വനകുഞ്ജക ജ്യോത
   ഖദ്യോതശതം മാത്രം– വിശദമാക്കുക.

ഉപന്യാസമെഴുതുക

1. പടിപടിയായി വികസിക്കുന്ന പ്രാകൃത ചോദനകൾ എപ്രകാരമാണ് ‘സഹ്യന്റെ മകനിൽ കവി ചിത്രീകരിച്ചിരിക്കുന്നത് ?

# മൊഡ്യൂൾ 2

## പകലുകൾ രാത്രികൾ – അയ്യപ്പപണിക്കർ

(ഇ. നാരായണൻ എം. മീനാക്ഷിയമ്മ എന്നിവരുടെ മകനായി കാവലാത്താണ് അയ്യപ്പണിക്കർ ജനിച്ചത്)

മലയാളത്തിലെ ആധുനികതാവാദത്തിന്റെ തുടക്കക്കാരിലൊരാൾ എന്ന നിലയിലാണ് അയ്യപ്പപണിക്കർ മുഖ്യമായും അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ 'കുരുക്ഷേത്രം' എന്ന കവിത ടി. എസ്. എലിയറ്റിന്റെ 'തരിശുഭൂമി' യെ സ്മരിപ്പിക്കുന്നു.
കുരുക്ഷേത്രം, മൃത്യൂപൂജ, കുടുംബപുരാണം, അഗ്നിപൂജ, ഹുഗ്ളി, പാസേജ് ടു അമേരിക്ക, തുടങ്ങിയവ പ്രധാന കവതികളാണ്.

പകലുകൾ രാത്രികൾ

ഒരേ സമയം ജീവിതത്തിന്റെയും മരണത്തിന്റെയും പ്രതീകം എന്ന നിലയ്ക്കാണ് ഈ കവിതയിൽ അയ്യപ്പണിക്കർ സന്ധ്യയെ അവതരിപ്പിക്കുന്നത്. നീ തന്നെ ജീവിതമെന്നും നീ തന്നെ തന്നെ മരണമെന്നും കവി സന്ധ്യയോട് പറയുന്നു. നിന്റെ കണ്ണിൽ നിബിഢ മായ അന്ധകാരം വന്ന് നിറയുന്നു. ചുണ്ടിൽ ഘനശൈത്യം ഉറയുന്നു. നിന്നിൽ പകലു കൾ പിറക്കുകയും രാത്രികൾ മരണമടയുകയും ചെയ്യുന്നു. നീ രാത്രിയുടെ ജനനിയും മരണത്തിന്റെ കാമുകിയുമാകുന്നു. പുണ്യപാപപരിഹാരവും നീ തന്നെ.നരനായി പിറന്ന തുകൊണ്ട് താങ്ങേണ്ടിവന്ന ദുരനുഭവങ്ങളുടെ വിളറിയ ഓർമ്മകൾ കവിയെ അസ്വസ്ഥ നാക്കുന്നു. സ്വർഗ–നരകാനുഭങ്ങൾ കവി ഓർത്തെടുക്കാൻ ശ്രമിക്കുന്നു. കണ്ണാടിയിൽ കാണുന്ന സ്വന്തം മുഖത്തെ വെറുപ്പോടെ നോക്കാനേ കവിക്ക് സാധിക്കുന്നുള്ളൂ. ഏതൊ രാളെയും പൊലെ കവിയേയും ജീവിതത്തെ പ്രസന്നതയോടെ നോക്കികാണാൻ ദുരനുഭ വങ്ങൾ അനുവദിക്കുന്നില്ല. കനിവിന്റെ നനവൂറി നിൽക്കുന്ന കണ്ണുകളുമായി എത്തി തന്നെ ആശ്വസിപ്പിക്കാൻ കവി സന്ധ്യയോടാവശ്യപ്പെടുന്നു.

'നിൻ മടിയിലെക്കുടിലിൽ ച്ചെ–
ന്നഭയം തിരിക്കുന്നു'

സന്ധ്യയെ കാമുകയായും കവി സങ്കല്പിക്കുന്നു. സന്ധ്യയെക്കുറിച്ചുളള ഓർമകൾ മുദ്രകളായി നിഴൽ നട്ടു നിൽക്കെ തന്റെ നിറകണ്ണിൽ നിദ്രവാരാതെയായി എന്ന് കവി പറ യുന്നു. സന്ധ്യയുടെ മുടിച്ചു ഒളിൽ വിരൽ ചുറ്റി രസിക്കുന്ന കാമുകനായി മാറുന്ന കവി. സന്ധ്യയുടെ മടിക്കുഴിയിൽ തന്റെ കരൾ കൊത്തി വലിയുന്നതായി കവിയ്ക്ക് അനുഭവ പ്പെടുന്നു. പുല്ലിനും പുഴുവിനുമടക്കം എല്ലാവർക്കും വസിക്കാൻ ഇടമുളള ഈ ഭൂമിയിൽ താൻ അഭയമന്വേഷിക്കുന്നത് മുടി പിന്നിമെടയുന്ന വിരൽ നീണ്ടു നിണ്ട സന്ധ്യയുടെ മടി യിലെക്കുടിലിലാണെന്ന് കവി തിരിച്ചറിയുന്നു.

പകലുകൾ മടക്കമാരംഭിക്കുന്ന സന്ധ്യാവേളകളിൽ നീ പതിവായി വന്നെത്താറുണ്ടാ യിരുന്നു. 'ശുഭരാത്രി നേർന്ന് പിരിയാനാവാതെ കുന്നിൽ ചെരിവിൽ കഴിഞ്ഞത് കവി ഓർത്തെടുക്കുന്നു. പുണരാതെ ചുംബനം പകരാതെ മഞ്ഞിൻെ കുളിരിൽ പ്രണയാതുര രായ് കഴിഞ്ഞത് കവി ഓർക്കുന്നു. വാതിൽ മെല്ലെ തുറന്നിറങ്ങുന്ന പോലെ, കരിയിലെ കൊഴിയുന്ന പോലെ, മഞ്ഞുകട്ട അലിയുന്നപോലെ ഇരുവരുടെയും വേർപിരിയൽ ലഘു വായിരുന്നു ലളിതമായിരുന്നു. ഇവിടെ വേർപരിയലിന് സ്വാഭാവികവും ശാന്തവുമായ ഒരു പശ്ചാത്തലമാണ് കവി നൽകുന്നത്.

വരുമെന്ന് നീ ചൊല്ലിയെങ്കിലും വന്നതേയില്ല നീ കാലം ഘടികാരസൂചിയുടെ പിടി യിൽ തുറച്ചുനിൽക്കുന്നില്ല. താരങ്ങൾ നിന്നെ ലാളിച്ചു പറഞ്ഞതിന്റെ ലഹരിയിലാണോ

നീ ഇപ്പോഴും ? അഭൗമമായ സംഗീത ലഹരി നുണയുവാൻ മരിഖ്വാന (ലഹരിമരുന്ന്) തിന്ന് മറവിയിലാണ്ടുപോയതാണോ ?

താരങ്ങൾ ചിരികറ്റു വീഴുന്നു. കാലം ചിതയൊരുക്കി കാത്തുനിൽക്കുന്നു. നീയാകട്ടെ ഇരുൾക്കയമായി മാറിയിരിക്കുന്നു. എന്റെ മനസിൽ ശവദാഹം നടക്കുന്നു.വരില്ലെന്ന റിഞ്ഞിട്ടും വാനം നിന്റെ വരവും കാത്തിരിക്കുന്നു. ജീവിതത്തിന്റെ ചിരകാലം ചിതൽതിന്നു പോയിട്ടും ചിതയിൽ വെക്കാൻ ചില നല്ല ഓർമ്മകൾ ബാക്കിയായിട്ടുണ്ട്.

കരിയിലകൾ പൊഴിഞ്ഞുകൊണ്ടിരിക്കുന്നു നാഴികകളും വിനാഴികകളും കടന്നുപോകു ന്നു. മേഘങ്ങൾ വിറകൊളളുന്നു. നീ അമൃതമാണോ, വിഷമാണോ, വിഷാദമാണോ എന്ന് കവി സന്ധ്യയോട് ചോദിക്കുന്നു. ക്രൂരിരുൾ കയമായി മാറിയ എന്റെ ജീവിതത്തി ലേക്ക് സ്നേഹത്തിന്റെ കനിവുമായി നീ വീണ്ടുമെത്തുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. നിന്റെ നിഴലൽ ആഴലെന്നോർത്ത് എന്റെ തന്ത്രികൾ നിന്റെ വിരലുകളിൽ വെച്ചിരുന്നു. നിന്റെ വിഷ മൂർഛയുടെ തീവ്രത ഇന്ന് ഞാൻ അറിയുന്നു. ഞാൻ അതിൽ പിടയുന്നു. ഇന്ന് ചിരിഞ്ഞുമാഞ്ഞ എന്റെ ചുണ്ടിന്റെ കോണിൽ ഒരു പരിഹാസ മുദ്ര നിനക്കുകാ ണാം. അത് എന്റെ ജീവിതത്തിന്റെ മൃതിമുദ്രകൂടിയാണ്.

വരുംകാലങ്ങളിൽ നീയിതിലേ കടന്നു പോവുമ്പോൾ എരിയാത്ത സൂര്യനും വിള റാത്ത ചന്ദ്രനും വിരിയാത്ത താരവും അലറാത്ത കടലും മഞ്ഞിലുറയാത്ത മലയും കാറ്റി ലുലയാത്ത മാമരവും നീ കാണും. അവിടെ എന്റെ പരാജയം പണി ചെയ്ത സ്മാരകം ഉയർന്നു നിൽക്കുന്നതും നിനക്കു കാണാം.

നീ ജീവിതവും മരണവും തന്നു. ഇരുളുകയും മറയുകയും ചെയ്തു. എവിടെനി ന്നാണ് ജീവിതത്തിന്റെ കടുത്ത കയ്പുരസം എന്നിലേക്ക് വന്നതെന്നറിയാതെ ഞാനുഴറു ന്നു. എന്റെ കരിവീണ മനസ് എരിയുകയും പുകയുകയും ചെയ്യുന്നു. നീ പോയ് മറയൂ. മേഘം താരകത്തെയും ഇരുട്ട് കരിമേഘജാലങ്ങളേയും വിഴുങ്ങുന്നു. സൗരയൂഥങ്ങൾ ഇരുളിൻകയത്തിൽ മുങ്ങിയിരിക്കുന്നു. ഞാനും അവസാനയാത്ര പറഞ്ഞു കഴിഞ്ഞിരി ക്കുന്നു. ചിറകറ്റപക്ഷിയായ തനിക്ക് ചിറകുമായ് ഇനിയൊരിക്കലും നീ വരരുതേ എന്ന് കവി സന്ധ്യയോട് പറയുന്നു.

നീ കത്തിച്ചുവെച്ച മെഴുകുതിരികൾ ദഹിച്ചു തീർന്നിരിക്കുന്നു. ദീപങ്ങളും വെളി ച്ചവും ഇനി ശേഷിക്കുന്നില്ല. നിന്റെ കാലടികളിലെ പൊടികൂടി തട്ടിക്കളഞ്ഞ് പടിവാതിൽ കൊട്ടിയടച്ചിരിക്കുന്നു. നിന്റെ മറവികൂടി നീ മറയ്ക്കൂ എന്ന് കവി സന്ധ്യയോട് പറയു ന്നു. നീ തന്ന ജീവിതവും നീ തന്ന മരണവും നീ തന്നെ കൊണ്ടു പോകുന്നുവെന്ന് പറഞ്ഞ് കവി അവസാനിപ്പിക്കുന്നു.

സ്നേഹത്തിന്റെ തീവ്രതയും വേർപാടിന്റെ നൊമ്പരവും ഈ കവിതയിലെ കാല്പ നികമായ ആഴങ്ങളിൽ നിന്ന് നമുക്ക് പരതിയെടുക്കാനാകും. സ്നേഹത്തിന്റെ മുറിവു കൾ എക്കാലത്തും നീറിക്കൊണ്ടിരിക്കുമെന്ന് ആ മുറിവുകളേൽപ്പിച്ച് മറയുന്നവർ അറി യുന്നില്ല. സുഖദു:ഖ സമ്മിശ്രമായ ജീവിതം 'സന്ധ്യ'യിലൂടെ നമുക്ക് ദർശിക്കാനാകും. ഒന്നിന്റെ അഭാവമാണല്ലോ മറ്റൊന്നിന്റെ സത്തയ്ക്ക് മിഴിവേകുന്നത്. പകലുകൾ തെളിച്ച മുളളതായി തോന്നുന്നത് രാത്രിയുടെ കൂടി സാന്നിദ്ധ്യം കൊണ്ടാണല്ലോ.

150 വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക.

താഴെ പറയുന്നവയുടെ സന്ദർഭമെഴുതി ആശയം വ്യക്തമാക്കുക.

1. 'കണ്ണുകളടഞ്ഞു വെറുപ്പാൻ'
2. 'നിൻ മടിയിലെക്കുടിലിൽ ചെന്നഭയം തിരക്കുന്നു.'
3. 'ളളിതമായ് നീ മറഞ്ഞു'

4. 'ചിലതുണ്ടു ചിതയിന്മേൽ വയ്ക്കാൻ'
5. 'മൃതി മുദ്ര നീയതിൽ കാണും '

6. അവിടെൻ പരാജയം പണിചെയ്ത സ്മാരകം നിവരട്ടേ, നിൽക്കട്ടേ സന്ധ്യേ!
7. ചിറകറ്റ പക്ഷിക്കു ചിറകുമായ് നീയിനിപ്പിറകേ വരൊല്ലേ, വരൊല്ലേ

ഉപന്യാസരൂപത്തിൽ ഉത്തരമെഴുതുക.

' പകലുകൾ രാത്രികൾ ' എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

# പട്ടുപാവാട

– സുഗതകുമാരി

1934–ൽ പ്രശസ്ത കവി ബോധേശ്വരന്റെയും കാർത്ത്യാനിയമ്മയുടെയും പുത്രിയായായി തിരുവനന്തപുരത്താണ് സുഗതകുമാരി ജനിച്ചത്. പരിസ്ഥിത സംരക്ഷണത്തിനുവേണ്ടിയും സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടിയും നടന്നുവരുന്ന പ്രക്ഷോഭങ്ങളുടെ മുന്നണിയിൽ പ്രവർത്തിച്ചുവരുന്ന സുഗതകുമാരിക്ക് കേന്ദ്ര–കേരള സാഹിത്യ അക്കാദമികൾ ഉൾപ്പെടെ നിരവധി ബഹുമതികൾ ലഭിച്ചിട്ടുണ്ട്. മുത്തുച്ചിപ്പി, സ്വപ്നഭൂമി, പാവം മാനവഹൃദയം, ഇതൾ ചറകുകൾ, രാത്രിമഴ, അമ്പലമണി, തുറുഞ്ഞിപ്പൂക്കൾ തുടങ്ങിയവ മുഖ്യ കവിതാ സമാഹാരങ്ങളാണ്. തിരുവനന്തപുരം ബാലഭവന്റെ പ്രിൻസിപ്പളും 'അഭയ' യുടെ സ്ഥാപക സെക്രട്ടറിയും 'തളിര്' മാസികയുടെ പത്രാധിപരുമായിരുന്നു.

ആധുനികതയുടെ മുഖമുദ്രകൾ തെളിഞ്ഞുകാണാമെങ്കിലും കാല്പനികതയുടെ മേമ്പൊടികൾ സുഗതകുമാരിയുടെ കാവ്യശൈലിയിലുടനീളം കാണാം. അന്തർമുഖതയും മൗനാന്വേഷണങ്ങളും പല കവിതകളിലും പ്രകടമാണ്. കവയിത്രി ജീവിതത്തെ നിഷേധിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നില്ല. മറിച്ച് അസ്വസ്ഥമായ തന്റെ മനസിനെ ശാന്തിതേടിയലയാൻ പ്രേരിക്കുന്നു.

കവിതാസാരം

ഒരു ദിവസം രാവിലെ പോലീസുകാർ ഒരു കൊച്ചു പെൺകുട്ടിയുമായി സുഗതകുമാരിയുടെ അടുത്തെത്തുന്നു. പിച്ചക്കാരിയായ ആ പെൺകുട്ടി കണ്ണൂനീർ പൊഴിച്ചുകൊണ്ടേയിരിരുന്നു. പേടിമാറാതെ അവൾ കവയിത്രിയെ നോക്കി അവളെ അഭയകേന്ദ്രത്തിലാക്കാനുളള കോടതിയുത്തരവ് പോലീസുകാർ കാണിച്ചു. മോഷണക്കുറ്റത്തിന് അമ്മ ജയിലിലായപ്പോൾ ഒറ്റപ്പെട്ടു പോയതാണ് അവൾ. എണ്ണതേക്കാത്ത മുടി പാറിപ്പറഞ്ഞിരുന്ന ഉടുപ്പ് കീറിത്തൂങ്ങിയിരുന്നു. കവിളത്ത് പച്ചകുത്തിയ അടയാളമുണ്ടായിരുന്നു. മങ്ങിയ മുക്കുത്തിയും പേടിച്ചരണ്ട കണ്ണുകളുമായി കൊല്ലാനാണോ വളർത്താനാണോ തന്നെ കൊണ്ടുവന്നതെന്ന് സംശയത്തോടെ തന്നെ നോക്കിയ ആ ബാലികയെ കവയിത്രി ഓർക്കുന്നു. ചിരിച്ചുകൊണ്ട് കൈ പിടിച്ചപ്പോൾ അവൾ വിറക്കുകകയായിരുന്നു. അവൾക്ക് വിശക്കുന്നുണ്ടോ എന്ന് അവൾ ചോദിച്ചു. പേര് ചോദിച്ചപ്പോൾ വിതുമ്പുന്ന ചുണ്ടുകളോടെ കാളി എന്നവൾ മൊഴിഞ്ഞു.

നിങ്ങൾക്ക് പുതിയൊരു കൂടപ്പിറപ്പായി എന്ന് പറഞ്ഞ് അവളെ അഭയകേന്ദ്രത്തിലെ മറ്റുകുട്ടികൾക്ക് ഏൽപ്പിച്ചുകൊടുക്കുന്നു. പിറ്റേന്ന് തന്റെ മുന്നിൽ കൊണ്ടു വന്നു നിർത്തിയ കുട്ടി അവൾ തന്നെയോ എന്ന് കവയിത്രി അത്ഭുതപ്പെടുന്നു. കുളിച്ചു പൊട്ടുതൊട്ട് മുടിചീകി പുതിയ ഉടുപ്പിട്ട് തെളിഞ്ഞ് ചിരിക്കുകകയാരുന്നു അവൾ. കൈകളിൽ വളകൾ കിലുങ്ങുന്നുണ്ടായിരുന്നു. മൂക്കുത്തിക്ക് തിളക്കമേറിയിരുന്നു. കാളിയോയിത് എന്ന് അത്ഭുതം കൂറിയപ്പോൾ 'ഇല്ലെ നാൻ ഹേമലതയാ' ണെന്നും 'എൻപേർ നാനേ മാറ്റി' എന്നും അവൾ പറഞ്ഞു. മറ്റുകുട്ടികൾ ഇതുകേട്ട് കൈകൊട്ടി ആഹ്ലാദം പ്രകടി

പ്പിച്ചു. അവളുടെ നെറുകയിൽ ചുംബിച്ച് നീയിനിയെന്നും ഹേമലതയാണെന്ന് കവയിത്രി ആശിർവദിച്ചു.

പുതിയ ചുറ്റുപാടുമായി ഹേമലത പെട്ടെന്നിണങ്ങി. അതുകണ്ട് കവയിത്രി ഏറെ സന്തോഷിച്ചു. മുടിപിന്നി ഭംഗിയായി റിബ്ബൺ കെട്ടി പുസ്തകവുമായി മുന്നിൽ വന്നു നിന്ന അവളെ ' നന്നായിവരും ' എന്ന് കവയിത്രി ആശിർവദിച്ചു. മിടുക്കിയായിരുന്നു അവൾ. തമിൾ പാട്ടുകൾ ഉറക്കെ പാടിനടക്കുമായിരുന്നു. കഥ പറയും, പണികളിൽ സഹായിക്കും. മാസങ്ങൾ കടന്നുപോയി.

ഓണം വന്നു. പൂക്കളമിടാനും ഊഞ്ഞാലുകെട്ടാനും പ്രഥമനുണ്ടാക്കാനും കലാ പരിപാടികൾ അവതരിപ്പിക്കാനും അവർ തീരുമാനിച്ചു. ഓണക്കോടി വേണമെന്നായി ചിലർ. സിനിമകാണാനും ടൂർ പോവാനുമുളള ആഗ്രഹം അവർ മറച്ചുവെച്ചില്ല. കവയിത്രി എല്ലാം കേട്ടു കൊണ്ടിരിക്കെ ഹേമലത പറഞ്ഞു "തായേ ഒരു പട്ടു പാവാടൈ വേണമെന്നേ നക്കാശൈ " കവയിത്രി അവൾക്ക് വാക്കുകൊടുത്തു. പിന്നീട് തമിഴ്ചുവയോടെ ഹേമ ലത മാവേലിപ്പാട്ട് പാടുന്നത് കേട്ടു. അവൾ ഊർജ്ജസ്വലയായിരുന്നു. ദാവണിചുറ്റി ടീച്ച റായി അഭിനയിക്കും. കൈത്താളം കൊട്ടി 'ജതി' ചൊല്ലും കരാട്ടേ അഭ്യാസത്തിന് ചൈനീസ് ഭാഷയിൽ കല്പന പറയും. കവയിത്രി അവളെ സന്തോഷത്തോടെ വീക്ഷിച്ചുകൊണ്ടി രുന്നു. പക്ഷേ ഓണത്തെ സ്വപ്നം കണ്ടിരുന്ന ഹേമലതയ്ക്ക് ഓണമാഘോഷിക്കാനാ യില്ല.

നാറിയ ചേലയുടുത്ത് മെലിഞ്ഞുണങ്ങിയ കുഞ്ഞിനെ അലക്ഷ്യമായെടുത്ത് ഒരു ദിവസം കാളിയുടെ അമ്മ ദേഷ്യത്തോടെ കയറി വന്നു. തോളത്ത് മാറാപ്പുണ്ടായിരുന്നു. മുറുക്കി മുറുക്കി നാവ് കറുത്തിരുന്നു. കറുത്ത നാവിൽ ശാപവചനങ്ങൾ ഗർജ്ജനങ്ങ ളായി പെൺകുട്ടിയെ അമ്മക്ക് വിട്ടുനൽകാനുളളുളള കോടതിയുത്തരവ് പോലീസുകാർ കവയിത്രിക്ക് നൽകി. കവയിത്രി ആ അമ്മയോട് കൈകൂപ്പി യാചിച്ചു. കുട്ടി നന്നായി പഠിക്കുമെന്ന് നിങ്ങൾക്ക് ഇടയ്ക്കിടെ അവളെ വന്ന് കാണാമെന്നും പറഞ്ഞു നോക്കി. വേണമെങ്കിൽ ആ അമ്മയ്ക്കും കുഞ്ഞിനും മകൾകൊപ്പം അവിടെ തന്നെ ക ഴ ി യ ാ മെന്നും കവയിത്രി പറഞ്ഞു. എന്നാൽ ഗർജിച്ചുകൊണ്ട് ആ സ്ത്രീ പറഞ്ഞു. 'വേണ്ടാം !' തായെന്റെ പൊണ്ണെ ശീക്രം ".

നിസ്സഹായയായ കവയിത്രിയുടെ മുന്നിലേക്ക് വൃത്തിയിൽ വേഷം ധരിച്ച് വരണ്ട കണ്ണുമായി ഹേമലത നിന്നു. അവൾക്ക് കരയാൻ കണ്ണുനീരുണ്ടായിരുന്നില്ല. ' പോകല്ലേ ' എന്ന് കൂട്ടുകാർ കരയുന്നുണ്ടായിരുന്നു. കയ്യിലുണ്ടായിരുന്ന സഞ്ചിയിലെ ഉടുപ്പുകൾ മാറാപ്പിലേക്ക് മാറ്റി പുസ്തകങ്ങൾ വലിച്ചെറിഞ്ഞ് 'വാടീ വാടീ' കോപത്തോടെ ആ അമ്മ മുരണ്ടുകൊണ്ടിരുന്നു. ഹേമലത പോകല്ലേ എന്ന് കൂട്ടുകാർ കരഞ്ഞുവിളിച്ചപ്പോൾ ഞാൻ ഹേമലതയല്ല കാളിയാണ് എന്ന് പറഞ്ഞ് അവൾ തന്റെ ദുര്യോഗത്തിലേക്ക് നടന്ന് മറ ഞ്ഞു. വഴിയിലേക്ക് നോക്കിനിന്ന കവയിത്രി പുസ്തകത്താളുകൾ കാറ്റിൽ മറിയുന്നതും അടയുന്നതും കണ്ടു.

ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.

1. ' തമിഴൊച്ചയിലൊരു കിളികൊഞ്ചുന്നു' – സന്ദർഭം വിശദമാക്കുക.
2. 'ഞെട്ടിത്തരിക്കുന്ന ഞാൻ മിണ്ടാൻ വയ്യ' – സന്ദർഭമേത്
3. " വേണ്ടാം ! തായെന്റെ പൊണ്ണെ ശീക്രം" – സന്ദർഭം വിശദമാക്കുക.
4. അഭയ കേന്ദ്രത്തിൽ എത്തിപ്പെട്ട കാളിയിലുണ്ടായ മാറ്റങ്ങളെന്തെല്ലാം ?
5. ഓണത്തെക്കുറിച്ചുളള കുട്ടികളുടെ സ്വപ്നങ്ങളെന്തെല്ലാമായിരുന്നു.

**ഉപന്യാസ രൂപത്തിൽ ഉത്തരമെഴുതുക**

**നഷ്ടബാല്യങ്ങളുടെ നിസ്സഹായതകൾ പട്ടുപാവാടയിൽ എപ്രകാരമാണ് അനാവരണം ചെയ്യപ്പെടുന്നത് ?**

## ഇവനെക്കൂടി.

– സച്ചിദാനന്ദൻ

കൊടുങ്ങല്ലൂരിലെ പൂല്ലൂറ്റ് ഗ്രാമത്തിൽ ജനിച്ച സച്ചിദാനന്ദൻ ഏറണാകുളം മഹാരാജാസ് കോളേജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്ദര ബിരുദം നേടിയ ശേഷം വിവിധ കോളേജുകളിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചു. അഞ്ചു സൂര്യൻ, എഴുത്തച്ഛൻ എഴുതുമ്പോൾ, പീഠനകാലം, വേനൽമഴ, ഇവനെക്കൂടി, വീടുമാറ്റം, ദേശാടനം, അപൂർണം, ഒന്നാപാഠം, അനന്തം, സാക്ഷ്യങ്ങൾ, വിക്ക് തുടങ്ങിയ പ്രധാന കൃതികളാണ്.

കേവലം വിലാപകാവ്യമെന്നതിനുമപ്പുറം വൈലോപ്പിള്ളിയെ മലയാള കവിതാ സാഹിത്യ ചരിത്രത്തിൽ ചിസ്മരണീയനാക്കുന്ന സിദ്ധിവിശേഷം ഒരു അനന്തരവൻ മാതുലനെ ഓർക്കുന്ന മട്ടിൽ സച്ചിദാനന്ദൻ 'ഇവനെക്കൂടി' എന്ന ഈ കവിതയിൽ അവതരിപ്പിക്കുന്നു.

കവിതാസാരം

ഹേമന്തകാലത്തെ മെലിഞ്ഞ കുളുനീർ കൈകൾ നീട്ടി ഇവനെക്കൂടി സ്വീകരിക്കുക എന്ന് കവി നിളയോടപേക്ഷിക്കുന്നു. വൈലോപ്പിള്ളിയുടെ ഭൗതിക ശരീരം സ്വീകരിക്കാനാണ് കവി അപേക്ഷിക്കുന്നത്. നിളയോട് മാത്രമല്ല കാറ്റിനോടും ധനുരാവിനോടും കവി അഭ്യർത്ഥിക്കുന്നുണ്ട്. തുമ്പികൈകൊണ്ട് കവിയുടെ ഭൗതിക ശരീരം ഉയർത്താനാണ് ആലിൻചുവട്ടിലെ പാഞ്ചാരിക്കു ചെവിയാട്ടുന്ന തെക്കൻ കാറ്റിനോട് പറയുന്നത്. ആനക്കവിതകൾ എഴുതിയ വൈലോപ്പിള്ളിയുടെ ഭൗതിക ശരീരാവശിഷ്ടം ഉയർത്താൻ തെക്കൻ കാറ്റിനെ ആനയായി തന്നെ കവിതയിൽ സങ്കല്പിച്ചരിക്കുന്നു. തിവില്വാമലയിലെ 'പുനർജ്ജനി' യെന്ന ഗുഹയിലൂടെ നുണവരുന്ന നിലാവുകൊണ്ട് ജഡത്തെ മൂടിപുതപ്പിക്കാനാണ് ധനുമാസരാവിനോട് ആവശ്യപ്പെടുന്നത്. പുനർജ്ജനി നുണകടന്നാൽ പിന്നീട് പാപജന്മങ്ങൾ പേറേണ്ടിവരില്ലന്നാണ് വിശ്വാസം.

തുടർന്ന് വൈലോപ്പിള്ളിയുടെ കവിതകൾ സൂചിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കവിവ്യക്തിത്വം വരച്ചുകാണിക്കന്നു. ഇവൻ (ഇദ്ദേഹം) ഞങ്ങളുടെ ഓണപാട്ടിനു ചുവടുവെപ്പാണ് ( ഓണപ്പാട്ടുകാർ എന്ന കവിത ഓർക്കുക.) കന്നി വയലിലെ നെല്ലിൻ പാലാണ്. തെക്കൻ പാട്ടിൻ വീര്യമാണ്. പാതിരാപ്പൂവിൻ തേൻ നിറച്ചതും കാക്കച്ചിറകിൽ സൂര്യോത്സവം വിളയിച്ചതും ഇളനീർ ശൈശവമാകെ കോരിയൊഴിച്ചതും ഇവൻ തന്നെ. കന്നിക്കൊയ്ത്, ലില്ലിപ്പൂക്കൾ, കാക്ക തുടങ്ങിയ കവിതകൾ ഈ ഭാഗത്ത് സൂചിപ്പിക്കുന്നു.

'അറിവിൽ പച്ച കൈതപ്പൂവിൻ ആതിരാ ചന്ദ്രൻ, മുറിവിൽ മൂർച്ച മുളങ്കാടിനു കുറുങ്കുഴൽ' എന്നിങ്ങനെയാണ് കവിയെ സച്ചിദാനന്ദൻ അടയാളപ്പെടുത്തുന്നത്. അറിവിന്റെ വെയിലിൽ നിന്ന് വൈലോപ്പിള്ളി കവിത അനുഭൂതിയുടെ ഹരിതം മാറ്റുന്നുവെന്ന് നിരൂപകപ്രശംസയാണ് സച്ചിദാനന്ദൻ സൂചിപ്പിക്കുന്നത്. മുറിവിൻ മൂർച്ച എന്നതിലൂടെ പരിവർത്തനങ്ങൾക്ക് പ്രേരണയാകാറുള്ള വേദനാനുഭവങ്ങളെക്കൂടി സൂചിപ്പിക്കുന്നു.

തുടർന്ന് നിളാ നദിയെ കപിലർ എന്ന സംഘകാലകവിയുടെ മരുതും ഇലഞ്ഞിയും നനച്ച തായ് നദീയെന്ന് സച്ചിദാനന്ദൻ സംബോധനചെയ്യുന്നു. കാവ്യനിളയുടെ ചരിത്രഗ

തിയിൽ വൈലോപ്പിള്ളി കവിതയെ അടയാളപ്പെടുത്താനാണ് കവിയുടെ ശ്രമം. നിളയെ ഭാഷയുടെയും സംസ്കാരത്തിന്റേയും പ്രവാഹമായാണ് കവി വിഭാവനം ചെയ്യുന്നത്. ‘നീലക്കുറുഞ്ഞി കാട്ടിൻ മിന്നൽ പിണർപോലുള്ള ഉറവ’ സംഘസാഹിത്യത്തിലെ ഐന്തിണൈ സങ്കല്പത്തിലേക്ക് കാവ്യചരിത്രത്തെ കൊണ്ടുപോകുന്നു.

ചിലമ്പൊലി ചിലപ്പതികാരകാവ്യത്തേയും പുള്ളുവക്കുടവും പാണത്തുടയും സമ്പന്നമായ നാടോടി ഗാന പാരമ്പര്യത്തെയും സൂചിപ്പിക്കുന്നു. ആ കാവ്യ ഗംഗ എഴുത്തച്ഛനോളം എത്തിയതായി കവി ചിത്രീകരിക്കുന്നു. ‘ ദമയന്തിതൻ കീറച്ചേല ’ ഉണ്ണായിവാര്യരുടെ ആട്ടക്കഥയേയും ‘സാനുക്കളിലലഞ്ഞു പൊരുൾ തേടി’ എന്നത് കുമാരാനാശാന്റെ ആശയഗഹനതയേയും അനുസ്മരിപ്പിക്കുന്നു. കാവ്യ പാരമ്പര്യത്തിന്റെ തുടർന്നുള്ള കണ്ണികളായ ഇടശ്ശേരിയേയും പി യേയും കവി സ്മരിക്കുന്നു. ഈ ഘട്ടത്തിലാണ് വൈലോപ്പിള്ളി കാവ്യ പ്രവാഹത്തിന്റെ ഭാഗമാകുന്നത്. ‘ എട്ടുകെട്ടുകളുടെ പട്ടട’ സൂചിപ്പിക്കുന്നത് ജന്മിത്വം വിഷയമാക്കി വൈലോപ്പിള്ളിയെഴുതിയ ‘ കുടിയൊഴിക്കലിനെ’ യാണ് തുടർന്ന് ദാമ്പത്യ ജീവിതത്തിലെ ഉൾപ്പിരിവുകൾ വിഷയമാക്കിയ അദ്ദേഹത്തിന്റെ പ്രശസ്തമായ ‘കണ്ണീർപ്പാടം’ സൂചിതമാകുന്നു.

നിരാഭരണനും നാദാകാരനുമായ കവി ആറാട്ടു മുങ്ങാനെത്തിയിരിക്കുന്നു. ഇവന്റെ കൊടി പനിനീർമുള്ളിൽ പടർന്നേറുന്ന കയ്പവല്ലരിയത്രേ( ‘ പനിനീർപ്പൂവിനോട്’ ‘ കയ്പവല്ലരി’ ) കയ്പയിലെ മുള്ളും കയ്പും മൃദുത്വവും വൈലോപ്പിള്ളി കവിതയുടെ ഭിന്നഭാവങ്ങളെ വ്യഞ്ജിപ്പിക്കുന്നു. ഇവന്റെ വാഹനം ‘കടൽകാക്ക’ യെന്നും പുലി നേർക്കു വരുമ്പോൾ ‘ഓണവില്ലാ’ ണ് ഇവന്റെ ആയുധമെന്നും കവി സൂചിപ്പിക്കുന്നു. കുരുത്തോലയും കൊടിത്തൂവയും തിരുവാടയാക്കിയ വൈലോപ്പിള്ളി കവിതകൾ മണ്ണിന്റെ മണമുളളവയാണെന്ന് സച്ചിദാനന്ദൻ ഓർക്കുന്നു. വൈലോപ്പിള്ളി കവിതയിലെ ആദി ദ്രാവിഡ ഭാവങ്ങൾ കണ്ടെത്താൻ സച്ചിദാനന്ദൻ ശ്രമിക്കുന്നുണ്ട്.

‘ കനലാഴിയിൽ നൃത്തം
വചനമപ്പം കുരി–
ത്തോലയിൽ നിറമാല
പൂജിക്കാൻ കുറവന്മാർ ’

‘നേരിന്റെ വാക്കിനും വടക്കിനും ഇവൻ പെരുമാൾ, ഇവനു പ്രിയകലികാലത്തിൻ തോറ്റം’.

ഈ ഭിബങ്ങളെല്ലാം വൈലോപ്പിള്ളി കവിതയിലെ ദ്രാവിഡവേരുകൾ ചികയാൻ പോന്നവയാണ്.

നീർ താണിട്ടും വറ്റാതെ കടൽ തേടുന്ന നിളാനദിയോട് വൈലോപ്പിള്ളിയുടെ ഭൗതിക ശരീരാവശിഷ്ടങ്ങൾ സ്വീകരിക്കാൻ കവി വീണ്ടും അപേക്ഷിക്കുന്നു. ഒപ്പം നിളയുടെ സമകാലികാവസ്ഥയോർത്ത് കവി വിലപിക്കുന്നു. നഗരങ്ങൾ വിഷം തുപ്പി മലിനമാക്കിയ നിളയിലെ വിഷനീരേറ്റ് പാണന്റെ ചുരപ്പുന്നയും പ്ലാശും പയ്നിയും തളരുന്നു. ഗ്രാമങ്ങൾ മ്യുതുവരിക്കുന്നു. വേട്ടപ്പട്ടികളാൽ വളഞ്ഞ് നായാട്ടുകാർ ഗ്രാമങ്ങളെ വെടിവെച്ചു വീഴ്ത്തുന്നതായി കവി സങ്കല്പിക്കുന്നു. മനുഷ്യാത്മാവുപോലും മലീമസമാകുന്നു. നമ്മൾ ഒഴിപ്പിച്ച ജാതി മത പിശാചുകൾ കാവിയിലും വെളുപ്പിലും ആത്മാക്കൾക്ക് വിലപേശുന്നു.

ഓണത്തിനുണരുന്നത് മാവേലിയല്ല വാമനനാണ്. നാം കാണുന്ന വിഷുക്കണി റെയിൽ പാലത്തിൽ എന്നും വീഴുന്ന അസ്വസ്ഥ യുവരക്തത്തമാണ്. വാക്കിലും മനസ്സിലും പാരു

**ഷ്യം പെരുകുന്നു. കാരണവരായ കവിയോട് (വൈലോപിള്ളിയോട്) ഇന്നതെ കവി (സച്ചിദാനന്ദൻ ) ക്ഷമ ചോദിക്കുന്നു. മാമ്പഴക്കാലത്തിന്റെ നൈർമല്യം എന്നേ നഷ്ടപ്പെട്ടു പോയതായി പരിതപിക്കുന്നു. നീതിയുടെ മിഴികൾ അടഞ്ഞിരിക്കുന്നു. സ്നേഹത്തിന്റെ കലവറയ്ക്ക് താഴിട്ടിരിക്കുന്നു. നാടിന്റെ നട്ടെല്ലായ സംസ്കാരം ചിതയിൽപൊട്ടുന്നു. മലർകാലം മണലിലെരിഞ്ഞമരുന്നു. വെയിൽ താഴുന്നു. തണുപ്പേറുന്നു. ഒടുക്കത്തെ മാവിൽ കൂടണയുമൊറ്റക്കിളി ചിലക്കുന്നു.**

**' പാവമീ നാടിൻ സ്വർണ്ണ കിണ്ണമായിരുന്നവൻ ദാ,**
**നോക്കുവാനിൽ പൂർണ്ണചന്ദ്രനായവൻ വീണ്ടും'**

സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

1. **അറിവിൻ പച്ച, കൈത-**
   **പ്പൂവിലാതിരാച്ചന്ദ്രൻ**
   **മുറിവിൽ മൂർച്ച, മുള**
   **ങ്കാടിന്നു കുറുങ്കുഴൽ**
2. **അപ്പോഴാണിവനെത്തി-**
   **യെട്ടു കെട്ടുകൾ കത്തും**
   **പട്ടട വെണ്ണീറിൽ താൻ**
   **നെല്ലിക്കു നീർ കോരുവാൻ**
3. **പെരുമാളിവൻ നേരാം**
   **വാക്കിനും വടക്കിനും**
   **ഇവന്നു പ്രിയമേറ്റം**
   **കലികാലത്തിൻ തോറ്റം**
4. **പുരങ്ങൾ നിന്നിൽ വിഷം**
   **തുപ്പുന്നു; പരണന്റെ**
   **ചുരപ്പുന്നയും പ്ലാശും**
   **പയ്നിയും തളരുന്നു**
5. **മാതുലാപൊറുത്താലും**
   **തീർന്നു മാമ്പമക്കാലം.**

**ഉപന്യാസമെഴുതുക.**

1. **'ഇവനെക്കൂടി' എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.**

------

# മഴകൊണ്ടു മാത്രം

**- റഫീക്ക് അഹമ്മദ്**

1961-ൽ തൃശ്ശൂരിലാണ് റഫീക്ക് അഹമ്മദ് ജനിച്ചത്. ചീട്ടുകളിക്കാരൻ, പാറയിൽ പണിഞ്ഞത് സ്വപ്നവാങ്മൂലം, തൊരാമഴ, അലമാര, ശിവകാമി, ഗ്രാമവൃക്ഷത്തിലെ വാവൽ തുടങ്ങിയവ പ്രധാന കൃതികളാണ്. 2006-ൽ 'അലമാര' എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. ഒട്ടേറെ മലയാള സിനിമയ്ക്ക് ഗാനരചന നിർവഹിച്ചിട്ടുണ്ട്.

**കവിതാ സമാഹാരം**

ആർദ്രത വറ്റിക്കൊണ്ടിരിക്കുന്ന സമകാലിക ജീവിത സാഹചര്യങ്ങളിൽ പ്രണയവും വരണ്ടു പോയതായി സംശയിക്കേണ്ടിയിരിക്കുന്നു. വിശുദ്ധമായ പ്രണയം കാവ്യഭാവന യായി ചുരുങ്ങിയിരിക്കുന്നു. പ്രണയത്തിന്റെ തീവ്രവും സുന്ദരവുമായ വേദനകൾ പുതത ലമുറയെ കയ്യൊഴിഞ്ഞുപോകുന്നു ഇക്കാലത്ത് അവ അനുഭൂതി ദായകമായ ഒന്നായ കവി ചിത്രീകരിക്കുന്നു.

മണ്ണിൽ മൂടി കിടക്കുന്ന ചില വിത്തുകൾ മഴകൊണ്ടാൽ മാത്രം മുളക്കുന്നവയാണ്. അവ പ്രണയം കൊണ്ടുമാത്രം എരിഞ്ഞുകത്തുന്ന നെഞ്ചിലെ തിരികൾ പോലെയാണ്. മഴ കൊണ്ട് മാത്രം തളിർക്കുന്ന ചില ചില്ലകളുണ്ട്. ഹ്രസ്വമായ ജീവിതകാലത്തിനിടയിൽ തളി രിടുന്ന പൂത്തലയുന്ന ഒരു പ്രണയകാലവുമുണ്ട്. സുദീർഘമായ തപസ്സിൽ നിന്നുണർന്ന് കത്തുന്ന വെയിൽ ചിതയിലേക്ക് ഓർമകൾ നീട്ടുന്നതാണ് ആ പ്രണയ കാലം.

മഴ ചെവിയിൽ പ്രണയിനിയെപ്പോലെ സ്വകാര്യം പറയുന്നു. പെരുവിരലിൽ കൊത്തി അനുഭൂതി പകരുകയും പീലി നിർത്തി നൃത്തം ചവിട്ടുകയും ചെയ്യുന്നു. മനസ്സിലെ ഒഴിവി ടങ്ങളിൽ പച്ചപ്പ് നിറയ്ക്കുന്നു. ജീവിതത്തിൽ പ്രഹരമേൽപ്പിക്കുന്ന വെയിലവസ്ഥകളെ അത് കഴുകി ശുദ്ധിവരുത്തും.

പൊടിയിലും കരിയിലും മുങ്ങി പ്രേതരൂപികളായി തീരുന്ന മരങ്ങൾ മഴയിൽ കുളിച്ച് പുതുരൂപമണിയും. മനസ്സിൽ കരിമൂടിയ അവസ്ഥയിൽ അപ്രതീക്ഷിതമായി മഴപോലെ വന്ന് തന്റെ മനസ്സിന്റെ ഇറയത്തു നിന്ന പ്രണയിനിയെ കവി ഓർക്കുന്നു. ഇടി മിന്നലിന്റെ പൊന്നു ളികൊണ്ട് കൊത്തിയ നഗ്ന ജലശില്പം പോലെ കവിയുടെ മനസ്സിൽ പ്രണയിനി ഇടം നേടുന്നു. പക്ഷേ പ്രണയ മഴത്തോർച്ചക്ക് കാത്തു നിൽക്കാതെ പ്രണയിനിക്ക് പടിയിറ ങ്ങേണ്ടി വന്നു.

നീ പടിയിറങ്ങിയതോടെ ഞാൻ തരിശുഭൂമിപോലെ വരണ്ടു. എന്റെ ദിനങ്ങൾ കരി യിലപോലെ പറന്നു. തരിശായി തീർന്ന എന്റെ ജീവിതത്തിലെ ചതുപ്പിലെവിടെയോ ചില വിത്തുകൾ ഇനിയും മഴയ്ക്കായി കാത്തിരിക്കുന്നുണ്ട്. മഴയുടെ ചൂണ്ടയിൽ കോർക്കാൻ അവയെ ഒതുക്കി നിർത്തിയിരിക്കുന്നു.

പ്രണയമഴാൽ മാത്രം പിറക്കുന്ന മുറിപ്പാടിൽ പൊടിയുന്ന രക്തമായി ഞാൻ നിൽക്കും. ഞാൻ തനിയെ നൊമ്പരത്തിന്റെ ഈ മഴ കൊണ്ട് തീർക്കും. പ്രണയം സമ്മാനിച്ച പനി യിൽ വിറച്ചുകിടക്കും.

**ആശയം വ്യക്തമാക്കുക.**

1. 'ചിലതുണ്ട് പൊടികൊണ്ട് മൂടി'
2. 'കഴുകുന്നു വെയിലിന്റെയുള്ളം '
3. "അറിയാതെ വന്നൊരു മഴയിൽ മനസ്സിന്റെ ഇറയത്തു നിന്നതാണോർമ്മ"
4. 'ഇന്നു ഞാൻ നിന്റെ
   പനിയിൽ വിറച്ചു കിടക്കും."

**ഉപന്യാസമെഴുതുക.**

1. 'മഴകൊണ്ടു മാത്രം' എന്ന കവിതയിലെ പ്രണയഭാവങ്ങൾ നിരൂപണം ചെയ്യുക.

# മൊഡ്യൂൾ – 3 & 4
# ഇതിഹാസകഥാപാത്രങ്ങൾ

– കുട്ടികൃഷ്ണമാരാർ

സൗന്ദര്യദർശിയും തത്വജ്ഞാനിയും നിശിതബുദ്ധിയായ വിമർശകനും ഒത്തുചെരുന്ന മാരാരുടെ നിരൂപക പ്രതിഭ ഈ ലേഖനത്തിൽ തെളിഞ്ഞുകാണാം. ലക്ഷ്മീവാരസ്യാരുടേയും കൃഷ്ണമാരുടേയും മകനായി തൃപ്രങ്ങോട്ടാണ് മാരാർ ജനിച്ചത്. പട്ടാമ്പി സംസ്കൃത പാഠശാലയിൽ നീലകണ്ഠശർമ്മയുടെ ശിഷ്യനായിരുന്നു. 1928 ലാണ് ആദ്യ കൃതിയായ സാഹിത്യഭൂഷണം പ്രസിദ്ധീകരിച്ചത്. മലയാളി ശൈലി ഭാഷാപരിചയം, വൃത്തശില്പം , സാഹിത്യസല്ലാപം, ചർച്ചായോഗം, സാഹിത്യവിദ്യ, ദന്തഗോപുരം, ഭാരപര്യടനം, കല ജീവിതം തന്നെ തുടങ്ങിയവയാണ് പ്രധാന കൃതികൾ. 'കല ജീവിതം തന്നെ' എന്ന കൃതി കേരള, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടി.

എം.പി. പോളിന്റെ അഭിപ്രായത്തിൽ ഇതിഹാസങ്ങളിലേയും മഹാകാവ്യങ്ങളിലേയും നായകർ മാതൃകാ പുരുഷന്മാരാണ്. നായികാനായകന്മാർ എല്ലാ സദ്ഗുണങ്ങളുടെയും ഉത്തമ മാതൃകയായിരിക്കും. അസൽ പാത്രങ്ങളിലാവട്ടേ സർവ ദുർഗുണങ്ങളും ഒത്തുചേർന്നിരിക്കും. സാധാരണ ജീവിതത്തിൽ ഇങ്ങനെയുള്ളവർ കാണപ്പെടുന്നില്ല. ഈ കഥാപാത്രങ്ങൾ സാധാരണ മനുഷ്യ സ്വഭാവത്തിന് വിരുദ്ധരോ അതീതരോ ആണ്. അത്തരം കഥാപാത്രങ്ങളേക്കാൾ മനസിൽ ഇടം നേടുന്നത് ഗുണദോഷസങ്കലിതരായ യഥാർഥ മനുഷ്യരുടെ ഭാവങ്ങൾ പേറുന്ന കഥാപാത്രങ്ങളാണെന്ന് എം. പി. പോൾ നിരീക്ഷിക്കുന്നു.

കുട്ടികൃഷ്ണമാരാർ ഈ നിരീക്ഷണത്തെ 'ഇതിഹാസകഥാപാത്രങ്ങൾ ' എന്ന പഠനത്തിൽ സൂക്ഷ്മമായി വിശകലനം ചെയ്യുന്നു. യഥാർഥ മനുഷ്യ ജീവിതവും സ്വഭാവവും ചിത്രീകരിക്കപ്പെട്ട അസംഖ്യം സാഹിത്യ കൃതികളേക്കാൾ ഇതിഹാസ കഥാപാത്രങ്ങളാണ് പൊതുജനഹൃദയത്തിൽ പതിഞ്ഞു കിടക്കുന്നത് എന്നാണ് മാരാരുടെ അഭിപ്രായം.
ഭാരതീയർക്ക് ഇതിഹാസകഥാപാത്രങ്ങൾ അയവീട്ടുകാരെപ്പോലെ സുപരിചിതരാണ്. സാധാരണക്കാർ ഈ പരിചയം പാരായണം കൊണ്ടു മാത്രമല്ല, പലപ്പോഴും കേട്ടുകേൾവി കൊണ്ടു കൂടിയാണ് നേടുന്നത്. ഇതിഹാസങ്ങളിലെ 'സ്വഭാവാതീത' കഥാപാത്രങ്ങളളെ ഭാരതീയർ കൂടെ കൊണ്ടു നടക്കുന്നതുകാണുമ്പോൾ ഇതിഹാസകാരന്മാർ ഏറ്റവും നല്ല മന:ശാസ്ത്രജ്ഞരാണെന്ന് നമ്മൾ ചിന്തിച്ചുപോകും.

നന്മതിന്മകൾ ആപേക്ഷികമായിരിക്കെ സാധാരണ ജീവിതത്തിൽ അവ വകതിരിക്കുക പ്രയാസമാണെന്ന് നമുക്ക് ബോധ്യപ്പെടും. ഇതിഹാസ കഥാപാത്രങ്ങളിലെ നന്മതിന്മകളും സൂക്ഷ്മ ദൃഷ്ടിയിൽ തീർപ്പുകല്പിക്കാനാവാത്തവിധം കുഴഞ്ഞുമറിഞ്ഞു കിടക്കുന്നതാണെന്ന് ബോധ്യപ്പെടും. അവർ വെറും ആദർശ വ്യക്തിത്വങ്ങളെല്ലെന്നും യഥാർത്ഥ മനുഷ്യരുടെ കുറച്ചധികം വലിയ ക്ലോസപ്പുകളാണെന്നും ആഴത്തിലുള്ളവിശകലനത്തിൽ കാണാനാകും.

രാമായണത്തിലെ മുഖ്യകഥാപാത്രങ്ങളുടെ മാനുഷികമായ ദൗർബല്യങ്ങളാണ് കഥാഗതിയുടെ ഒഴുക്കിന് ആക്കം കൂട്ടുന്നതെന്ന് മാരാർ ചുണ്ടികാണിക്കുന്നു. സീതയിൽ പാതിപ്രത്യവും രാമനിൽ പിതൃഭക്തിയും ഭ്രാതൃസ്നേഹവും, പ്രജാരജ്ഞനവും മുന്തിനിൽക്കുന്നു. എന്നാൽ ഈ കല്പിത ഗുണങ്ങളിൽ വന്നുപെടുന്ന മാനുഷികമായ പുഴുക്കുത്തുകൾ മാരാർ ചുണ്ടിക്കാണിക്കുന്നു. സീത തനിക്കു കാവൽ നിന്ന ലക്ഷമണനെ തെറിപറഞ്ഞ് ആട്ടിയകറ്റിയില്ലായിരുന്നുവെങ്കിൽ രാമായണം ആരണ്യകാണ്ഠത്തോടെ അവസാ

നിക്കുമായിരുന്നുവെന്ന് മാരാർ ചൂണ്ടിക്കാണിക്കുന്നു. ലക്ഷമണനെ ആട്ടിയകറ്റിയതുകൊണ്ടാണല്ലോ രാവണന് എളുപ്പത്തിൽ സീതയെ കട്ടുകൊണ്ടുപോവാനായത്. ലക്ഷമണനോടുള്ള ദുർഭാഷണം സീതയെ സതീത്വം കൈവെടിഞ്ഞ് ഒരു സാധാരണ സ്ത്രീയായി മാറ്റുന്നു.

രാമന്റെ കാര്യവും വിഭിന്നമല്ല. അച്ഛന്റെ വാഗ്ദാന പാലനത്തിനുവേണ്ടി രാജാധികാരം വലിച്ചെറിഞ്ഞു കാട്ടിലേക്കുപോയ ത്യാഗിയായ മകൻ എന്നതാണ് രാമന്റെ മുഖ്യഭാവം. എന്നാൽ സർവഗുണ സമ്പന്നനായ രാമനും തനിമനുഷ്യനായി തീരുന്ന ചില സന്ദർഭങ്ങൾ മാരാർ ചുണ്ടിക്കാട്ടുന്നു. പട്ടാഭിഷേകം മൂടങ്ങിപ്പോയതിലുള്ള ദു:ഖം സീതയുടെ മുമ്പിൽ മറയില്ലാതെ പുറത്തേക്കൊഴുകുന്നു. പിന്നീട് കാട്ടിലേക്ക് അനുയാത്ര ചെയ്ത അയോദ്ധ്യാ വാസികളെല്ലാം തിരിച്ചുപോയപ്പോൾ ലക്ഷമണനോട് രാമൻ പിതാവിനെ കുറ്റപ്പെടുത്തി സംസാരിക്കുന്നുണ്ട്. വിച്ഛിന്നാഭിഷേകത്തിനും കാരണം ഭൂതരായ ഭരതനേയും കൈകേയിയേയും കുറ്റപ്പെടുന്ന ഒന്നിലധികം സന്ദർഭങ്ങൾ രാമായണത്തിലുണ്ട്. ചിത്രകൂടത്തിലിരിക്കെ തന്നെ സന്ദർശിക്കാനെത്തിയ ഭരതനോട് തെറ്റിദ്ധാരണയോടെയാണ് രാമൻ പെരുമാറുന്നത്. രാമന്റെ പിതൃഭക്തിയിലും ഭ്രാതൃസ്നേഹത്തിലും പ്രജാ രഞ്ജനത്വത്തിലും കാണുന്ന ഈ വൈരുദ്ധ്യങ്ങൾ ഇതിഹാസ കഥാപാത്രങ്ങളിലെ യഥാർത്ഥ മനുഷ്യതയുടെ ചിത്രീകരണത്തിനുള്ള ഉദാഹരണങ്ങളാണ്.

പ്രതിനായകനായ രാവണൻ 'ഒരു മനുഷ്യനുണ്ടാകാൻ പാടൂള്ള സകല ദുർഗുണങ്ങളും നിറഞ്ഞവനല്ലെന്ന് ' ശ്രീ ഹനുമാൻ തന്നെ വിളിച്ചു പറയുന്നത് മാരാർ ചൂണ്ടികാട്ടുന്നു. സുന്ദരകാണ്ഡത്തിൽ ഹനുമാൻ രാവണന്റെ രൂപത്തേയും ധൈര്യത്തേയും ഓജസ്സിനേയും പ്രകീർത്തിക്കുന്നു. സർവ്വലക്ഷണയുക്തനെന്ന് പ്രശംസിക്കുന്നു. രാവണന്റെ അധർമ്മം ലോകരാവണത്വമാണോ തൈലോ കൃപിജയമാണോ എന്ന് മാരാർ അന്വേഷിക്കുന്നു. ദ്വിഗ്വിജയം നേടുന്ന ചക്രവർത്തിമാർ ബഹുമാനിതരാകുമ്പോൾ മൂന്നുലോകവും ജയിച്ച രാവണൻ എന്തുകൊണ്ട് ബഹുമാനിതനാവുന്നില്ലെന്ന് മാരാർ ചോദിക്കുന്നു. രാവണനെ കെട്ടിയിട്ട കാർത്ത്യ വീര്യാർജ്ജുനനനെ നാം ബഹുമാനിക്കുമ്പോൾ അതിന്റെ മുക്കാൽ പങ്കുപോലും ഇന്ദ്രനെ കെട്ടിയിട്ട രാവണനും നാം നൽകുന്നില്ല. നമ്മൾ ബഹുമാനിച്ചാലും ഇല്ലെങ്കിലും രാമൻ അതു ചെയ്തിട്ടുണ്ടെന്ന് കാളിദാസൻ രഘുവംശത്തിൽ പറഞ്ഞിട്ടുണ്ട്.

ദേവശത്രുവായ രാവണൻ ദേവാരാധകരായ തപസ്വികളെ ദ്രോഹിച്ചിട്ടുണ്ടെങ്കിൽ അത് ദണ്ഡ നീതി മാത്രമായി കാണാനേ പറ്റൂ എന്ന് മാരാർ പറയുന്നു. രുഗ്മിണീ ഹരണകർത്താവായ ശ്രീകൃഷ്ണൻ മുതൽ അനേകം ബഹുഭാര്യന്മാരെ ആരാധിച്ചും ആദരിച്ചും പോരുന്ന നാം രാവണനെ മാത്രം അതിന്റെ പേരിൽ കുറ്റം പറയുന്നതെന്തിനാണ് എന്നും മാരാർ ചോദിക്കുന്നു.

രാമായണത്തെ നാലു കൂട്ടു സഹോദരന്മാരുടെ കഥ എന്ന നിലക്കും മാരാർ നോക്കികാണുന്നുണ്ട്. രാമലക്ഷമണാദികൾ, ബാലിസുഗ്രീവന്മാർ, രാവണകുംഭകർണ്ണ വിഭീഷണന്മാർ, സമ്പാദി ജടായുക്കൾ എന്നിങ്ങനെയുള്ള കൂട്ടു സഹോദരന്മാരിൽ ഏറ്റവും ഉത്തമം ഒടുവിലത്തേതാണെന്ന് മാരാർ കരുതുന്നു. ഭരതലക്ഷമണന്മാരുടെ ജ്യോഷ്ഠനുവേണ്ടിയുള്ള സഹനം സമ്പാതി അനുജനുവേണ്ടി ചെയ്തതോളം മഹത്തരമെന്ന് പറഞ്ഞുകൂടാ. അനുജനായ ജടായുവിനെ രക്ഷിക്കാനായി സമ്പാതി ജീവത്യാഗം ചെയ്തു. ജടായുവാകട്ടെ സീതയെ രക്ഷിക്കാൻ രാവണനെ വഴിമുടക്കുന്നതിനിടെ സ്വർഗം പൂകി. വാനരഭ്രാതാക്കളുടെ കഥയിൽ അനുജൻ, ജ്യേഷ്ഠനെ കൊല്ലിക്കയാണുണ്ടായത്. തെറ്റിദ്ധാരണയാണ് ജ്യോഷഠന്റെ മരണത്തിന് കാരണമായത് എന്നത് കഥാസന്ദർഭത്തെ ഏറ്റവും ശോകപൂർണവും ഹൃദയക്ഷോഭകവുമാക്കി തിർക്കുന്നു. രാക്ഷസ സഹോദരനമാരുടെ കഥയിൽ ജ്യേഷ്ഠൻ

(രാവണൻ) അന്യന്റെ ഭാര്യയെ കട്ടുകൊണ്ടുപോന്നതിനെ അനുജന്മാർ (കുംഭകർണ്ണനും വിഭീഷണനും) ഒരു പോലെ എതിർക്കുന്നുണ്ട്. കുംഭകർണ്ണൻ ജ്യേഷ്ഠനുവേണ്ടി യുദ്ധം ചെയ്ത് കൊല്ലപ്പെടുന്നു. വിഭീഷണൻ ജ്യേഷ്ഠന്റെ അനീതിക്കെതിരെ രാമലക്ഷമണന്മാരോട് ചേർക്കുന്നു.

മഹാഭാരതം.

മഹാഭാരത്തിലെ പ്രതിനായകനായ ദുര്യോധനന്റെ മഹത്വങ്ങൾ മാരാർ ചികഞ്ഞെടുക്കുന്നു. പെറ്റു വീണതുമുതൽ ദുര്യോധനെ ഉപക്ഷേിച്ചുകളയാനായിരുന്നു വിദുരരും മറ്റും ധൃതരാഷ്ട്രരോട് ഉപദേശിച്ചത്. അയാൾ കാരണം കുലം മുടിയുമെന്നും അവർ പറഞ്ഞു. ആരേയും ചെവി കൊള്ളാതെ ദുര്യേധനൻ പിതൃസഹോദരപുത്രന്മാരെ ഉപദ്രവിച്ചുകൊണ്ടിരുന്നു. ദുർമ്മതി, ദുർബുദ്ധി, ദുരാത്മാവ്, ലോഭപരായണൻ, ക്രോധപരായണൻ എന്നിങ്ങനെയുള്ള ശകാരവാക്കുകകൾകൊണ്ടാണ് ദുര്യോധനൻ വിശേഷിക്കപ്പെട്ടത്.

കുരുക്ഷേത്രയുദ്ധത്തിന്റെ അവസാനം ഭീമനുമായുള്ള ദ്വന്ദ്വയുദ്ധത്തിൽ തുട ചതഞ്ഞ് വീണ ദുര്യോധനൻ തുടർന്നുണ്ടായ ദുരന്തങ്ങൾക്കും കലാപങ്ങൾക്കും സാക്ഷിയായി കുറേ നാളുകൾകൂടി മരിക്കാതെ കിടന്നു. ഈ അവസരത്തിലും പലരും ദുര്യോധനെ അധിക്ഷേപിച്ചു. ശ്രീകൃഷ്ണൻ പോലും പരോക്ഷമായി അതിൽ പങ്കുകൊണ്ടു. മിത്രമെന്നോ ശത്രുവെന്നോ കരുതാനാകാത്ത മരമുട്ടിപോലെയായി തീർന്ന ഇവന്റെ മേൽ ഇനിവാക്കുകൾ വെട്ടിയിട്ടിട്ടെന്താണ് എന്നായിരുന്നു ശ്രീകൃഷ്ണന്റെ പരോക്ഷമായ അധിക്ഷേപം. ഇതു കേട്ട ദുര്യോധനൻ കൈ രണ്ടും നിലത്തൂന്നി ഊരകൊണ്ട് നിവർന്നു നിന്ന് പുരികം ചുളിച്ച് ഉഗ്രമായ മറുപടി പറഞ്ഞു.

“ ഞാൻ വിധിയാം വണ്ണം അധ്യയനം ചെയ്തു, ദാനം ചെയ്തു, ഭൂമിയടക്കി വാണു, രാജാക്കളുടെ തലയ്ക്കുമീതെ നിന്നു, മികച്ച ഐശ്വര്യവും ദേവോചിതമായി ഭോഗങ്ങളും അനുഭവിച്ചു. സ്വധർമ്മം നോക്കുന്ന ക്ഷത്രിയർ ഇഷ്ടപ്പെട്ടും വിധം കൊലയുമേറ്റു എന്റെതിനേക്കാൾ നല്ല അവസാനം ആർക്കാണുള്ളത്. ഞാൻ സുഹൃത്തുക്കളൊടും അനുജന്മാരോടും കൂടി സ്വർഗത്തിലേക്ക് പോകുകയാണ്. നിങ്ങളോ സങ്കൽപം കെട്ടു വിഷാദിച്ചു കഴിച്ചുകൂട്ടേണ്ടിയും വരും ” ഈ വാക്കുകൾ കേട്ട് ആകാശത്തുനിന്ന് പുഷ്പവൃഷ്ടിയുണ്ടായി ഗന്ധർവാപ്സരസ്സുകൾ വാദ്യഘോഷം മുഴക്കി. നമ്മൾ ‘താൻ പോരിമ ’ യെന്ന് ലഘൂകരിക്കുന്ന ദുര്യോധനന്റെ വാക്കുകൾക്ക് അസാധാരണമായ ശ്രേഷ്ഘതയുണ്ടായിരുന്നു എന്നാണ് ഇത് തെളിയിക്കുന്നത്. ഈ ശ്രേഷ്ഠത ഇതിഷാസകവി തന്നെ പിന്നീട് ചിത്രീകരിച്ചിട്ടുണ്ട്. ധർമ്മശ്രദ്ധയാൻ ഉടലോടെ സ്വർഗം പൂകിയ യുധിഷ്ഠരൻ ദേവൻമാർക്കിടയിൽ മഹാപ്രഭാവത്തോടെയിരിക്കുന്നു. ദുര്യോധനെ കണ്ടപ്പോൾ അമർഷം പൂണ്ടത്രേ. ഇതു കണ്ട നാരദൻ ദുര്യോധനന്റെ സ്വർഗയോഗ്യതയെക്കുറിച്ച് പറഞ്ഞത് ശ്രദ്ധേയമായി. ഏറ്റവും വലിയ ഭയത്തിലും അത്യാപത്തിലും സർവപ്രാണിഭയങ്കരമായ മരണത്തിൽ പോലും തെല്ലു ഭയപ്പെടാതെ നടുങ്ങാതെ നിൽക്കുക എന്നതിനെ ദേവസിദ്ധവും ഗന്ധർവാഭിനന്ദ്യവുമായ ഒരു പുണ്യമായാണ് നാരദൻ വിശദീകരിക്കുന്നത്. ദുര്യോധനെ സ്വർഗാവകാരിയാക്കിയത് ഇതാണ്. ദുര്യോധനന്റെ നിർഭയത്വത്തിന്റെ നേരെ മറുവശമാണ് യുധിഷ്ഠിരനിലുള്ളത്.

അർജ്ജുനനെക്കാളും മികവ് കാണിച്ച കർണ്ണനോട് യുധിഷ്ഠരന് ബഹുമാനത്തേക്കാൾ ഭയമായിരുന്നു. ഭീഷ്മരേയും ദ്രോണരേയും കൃപരേയും അശ്വത്ഥാമാവിനേയും അവരുടെ ദുർജ്ജയതയോർത്ത് യുധിഷ്ഠരൻ ഭയന്നു. യുധിഷ്ഠിരന്റെ സ്ഥായി ഭാവമായിരുന്ന ഈ ഭയം കാരണമാണ് പാണ്ഡവർക്ക് വാരണാവതത്തിലെ അരക്കില്ലത്തിൽ ചെന്ന് പാർക്കുകയും അവിടെ നിന്ന് ഒളിച്ചോടുകയും വേണ്ടിവന്നത്. എവിടെപ്പോയാലും ദുര്യോധനൻ ചാരൻമാരെക്കൊണ്ട് തങ്ങളെ കൊല്ലിച്ചേക്കുമെന്ന് യുധിഷ്ഠിരൻ ഭയന്നു. ഏക

ചക്രയിൽ പിച്ചയിരക്കേണ്ടിവന്നു. അർജ്ജുനന്റെ അഭ്യാസബലത്താൽ പാഞ്ചാലിയെ വേട്ട് ബന്ധുബലം നേടി അഭിവൃദ്ധപ്രാപിച്ചെങ്കിലും പകുത്തുകിട്ടിയ രാജ്യം ചൂതുകളിയിൽ നഷ്ട പ്പെടുത്തേണ്ടി വന്നു. പാഞ്ചാലിയെപ്പോലും പണയം വെക്കേണ്ടി വന്നു. പാഞ്ചാലി സഭ യിൽ അപമാനിതയായപ്പോൾ യുദിഷ്ഠിരന്റെ ക്ഷത്രിയത്വം മാത്രമല്ല ആണത്തം പോലും ചൂളിപ്പോയി. അജ്ഞാത വാസക്കാലത്ത് യുധിഷ്ഠിരന് വീണ്ടും ഇതേ അനുഭവമുണ്ടായി പാഞ്ചാലിയിൽ കാമാവേശം പൂണ്ട കീചകൻ അത് നിറവേറാത്ത ദേഷ്യത്തിൽ അവളെ യുധിഷ്ഠിരാദികളുടെ മുമ്പിലിട്ട് ചവിട്ട്. അജ്ഞാതവാസത്തിലായതുകൊണ്ട് ഭീമന് ഉശി രുള്ള നാല് വാക്ക് പോലും പറയാൻ സാധിച്ചില്ല. ശക്തരായ സഹോദരുടെ പിന്തുണ ഉണ്ടായിട്ടും ഭയം ഒരു ദൗർബല്യമായി യുധിഷ്ഠിരനെ പിൻതുടരുകയായിരുന്നു. ഈ ദുർബ ലത ചൂണ്ടിക്കാണിച്ച് മഹർഷിമാർ മാർക്കണ്ഡേയൻ യുധിഷ്ഠരനോട് പറഞ്ഞു. " നേശേബ ലസ്വേതി ചരേദധർമ്മം" ഒരാൾ തനിക്ക് ബലമില്ലാ എന്നു കരുതി തെരെഞ്ഞെടുക്കുന്ന പ്രവൃത്തി എന്തുതന്നെയായാലും അയാളെ സംബന്ധിച്ചിടത്തോളം അത് അധർമ്മമാണെ ന്നാണ് ഇതിന് സന്ദർഭമനുസരിച്ച് ലഭിക്കുന്ന വിശാലാർഥം.

ദുര്യോധൻ പാണ്ഡവരോട് ചെയ്ത കടുംകൈകൾ ശത്രു സംഹാരത്തിന്വേണ്ടി ഏത് രാജാവും ചെയ്യുന്നതും തന്നെ. ക്ഷത്രിയർ അംഗികരിക്കുന്ന ദണ്ഢനീതി മാത്രമാ ണ്. കാളിദാസൻ വിശേഷിപ്പിചപോലെ ' പരാതി സന്ധാന വിദ്യകൾ' പയറ്റിയാണ് പലരും ജയം കണ്ടെത്തിയിരുന്നത്. കുരുക്ഷേത്രത്തിൽ പാണ്ഡവരും കൃഷ്ണന്റെ മൗനാനവത്തോ ടെ ചില 'പരാതി സന്ധാനവിദ്യകൾ' പയറ്റിയാണ് ശത്രുസംഹാരം നടത്തിയത്. ഈ അധർമ്മ ങ്ങൾ സർവ്വ ക്ഷത്രിയ സാധാരണമാണ്. ഈ നിലക്ക് ദുര്യോധനന്റെ അധർമ്മങ്ങളേയും അസാധാരണമായി കാണേണ്ടതില്ല. അവ മാറ്റിവെച്ചാൽ ആര്യജനങ്ങൾക്കുണ്ടായിരിക്കേ ണ്ടുന്ന സർവ നന്മകളും ദുര്യോധനനുണ്ടായിരന്നു. പ്രജാതൽപരനായ രാജാവായിരുന്നു ദുര്യോധനനൻ. ഭീഷ്മാദികളായ ഗുരുജനങ്ങളോടും മാതാപിതാക്കളോടും അയാൾക്ക് വേണ്ടുവോളം ഭക്ത്യാദരങ്ങളുണ്ടൊയിരുന്നു...പാണ്ഡവരുമായി സന്ധി ചെയ്യുക' എന്നൊ തൊഴിച്ച് ഗുരുജനങ്ങളും എല്ലാ ഇഷ്ടങ്ങളും ദുര്യോധനൻ അനുസരിച്ചു. ശകുനിപോലും രണ്ടു സന്ദർഭത്തിൽ പാണ്ഡവരോടിണങ്ങുവാൻ ദുര്യോധനനെ ഉപദേശിക്കുന്നുണ്ട്. അതിലും ഭേദം ആത്മഹത്യയാണ് എന്നതായിരുന്നു ദുര്യോധനനന്റെ നിലപാട്.

ദുര്യോധനനന്റെ മാതൃഭക്തി ശ്രേഷ്ഠമായിരുന്നു. യുദ്ധം നടന്ന പതിനെട്ടുദിവസവും അയാൾ അമ്മയുടെ അനുഗ്രഹം വാങ്ങിയേ യുദ്ധക്കളത്തിലേക്ക് പുറപ്പെട്ടിട്ടുള്ളൂ. ആ അമ്മയാകട്ടേ ധർമ്മം ജയിക്കട്ടേ എന്നല്ലാതെ മകന് പ്രത്യേകം ജയമാശംസിച്ചില്ല. സുഹൃ ത്തെന്ന നിലയിൽ ദുര്യോധനനേക്കാൾ ശ്രേഷ്ഠനായ ഒരാൾ ഭാരതത്തിലുണ്ടെങ്കിൽ അത് അയാളുടെ സുഹൃത്തായ കർണ്ണനാണെന്ന് മാരാർ ചൂണ്ടിക്കാണിക്കുന്നു. ശത്രുപക്ഷപാ തിയെന്നു കരുതപ്പെട്ട ഭഗവാൻ കൃഷ്ണനോടുപോലും ദുര്യോധനന് ബഹുമാനമായിരുന്നു. തൊണ്ണൂറ്റൊമ്പത് സഹോദരരും അദ്ദേഹത്തിനു വേണ്ടി യുദ്ധത്തിൽ പ്രാണത്യാഗം ചെയ്തു എന്നതിൽ നിന്ന് ആ സൗഭ്രാത്രത്തിന്റെ ആഴം മനസ്സിലാക്കാൻ കഴിയും.

പാണ്ഡവർ ദുര്യോധനന് അടുത്ത സഹോദരായിരുന്നില്ല. അപ്പം ഒപ്പം വളർന്നവരാ യിരുന്നില്ല. അതുകൊണ്ടു തന്നെ സ്വന്തം ഐശ്വര്യത്തിന്റെ അപഹർത്താക്കൾ എന്ന നില യിലേ അവരെ കാണാൻ ദുര്യോധനന് കഴിഞ്ഞിരുന്നുള്ളൂ. ഈ സ്ഥിതിക്ക് അയാളവരെ ശത്രുക്കളെന്ന ഭാവത്തിൽ വീക്ഷിച്ചത് മനുഷ്യസഹജമായേ കാണാനാവൂ.

മഹാഭാരത്തിലെ നായക പ്രതിനായകാദികളെ മാരാർ വെറും കുട്ടികളായി കാണു ന്നു. കശപിശ കൂടുന്ന ഇവരിലെ മുതിർന്ന കൂട്ടിയായാണ് കർണ്ണനെ കാണുന്നത്. തറവാ ട്ടിലെ മുതിർന്ന പ്രധാനവ്യക്തികളെ ഒരോരുത്തരായി മാരാർ പരിചയപ്പെടുത്തുന്നു.

മക്കളെച്ചൊല്ലി ദു:ഖിക്കുന്ന കുന്തിയും ഗാന്ധാരിയും, ആരാധനാപാത്രങ്ങളായ

ഭഗവാൻ വാസുദേവനും കുരുപിതാമഹൻ ഭീഷ്മരും, പുത്രവാത്സല്യം കൊണ്ട് അന്ധനായിതീർന്ന ധൃതരാഷ്ട്രർ, അസ്ത്രവിദ്യാനിധിയായ ദ്രോണാചാര്യരും മകൻ അശ്വത്ഥാമാവും സ്വയം നിഷ്പക്ഷവാദിയെന്ന് വിശേഷിപ്പിച്ച ബലഭദ്രൻ ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത മനുഷ്യപ്രതിരൂപങ്ങൾ. ഋഷികവിയായ കൃഷ്ണദ്വൈപായനന് പ്രമാണമർപ്പിച്ചു കൊണ്ടാണ് മാരാർ അവസാനിപ്പിക്കുന്നത്.

**ഉത്തരമെഴുതുക.**

1. എം. പി. പോളിന്റെ അഭിപ്രായത്തിൽ ഇതിഹാസ കഥാപാത്രങ്ങൾ എങ്ങനെയുള്ളവരാണ് ?
2. 'എങ്കിൽ ആദികാവ്യം ആരണ്യകാണ്ഡത്തോടെ അവസാനിക്കേണ്ടിയിരുന്നു.' – മാരാരുടെ ഈ അഭിപ്രായത്തെ സാധൂകരിക്കുക.
3. രാമായണ കഥാപാത്രങ്ങളുടെ മാനുഷിക ഭാവം മാരാർ വിവരിക്കുന്നതെങ്ങനെ.
4. നാലുകൂട്ടു സഹോദരന്മാരുടെ കഥ എന്ന നിലക്ക് മാരാർ രാമായണത്തെ നോക്കികാണുന്നതെങ്ങനെ
5. അജ്ഞാത വാസകാലത്ത് യുധിഷ്ഠിരന് വീണ്ടും മോന്തേണ്ടിവന്നതെന്ത് ?
6. ദുര്യോധനനന്റെ സദ്ഗുണങ്ങളെന്തെല്ലാമായിരുന്നു.
7. ഇതിഹാസകാരൻ രാമായണനെ അവതരിപ്പിച്ചത് എങ്ങനെയാണ്
8. ദുര്യോധനന്റെ വീരോചിതമായ വിടവാങ്ങൽ മാരാർ വിശകലനം ചെയ്യുന്നതെങ്ങനെ

ഉപന്യാസമെഴുതുക.

1. 'ഇതിഹാസകഥാപാത്രങ്ങൾ യഥാർത്ഥ മനുഷ്യരുടെ വലുപ്പം കൂടിയ ക്ലോസപ്പുകളാണ്.' മാരാരുടെ ലേഖനത്തെ ആസ്പദമാക്കി അവലോകനം ചെയ്യുക.

## സ്പന്ദിക്കുന്ന അസ്ഥിമാടം

– പ്രൊ. എം.കെ. സാനു.

1927–ൽ ആലപ്പുഴയിലാണ് എം.കെ. സാനു ജനിച്ചത്. ദീർഘകാലം മഹാരാജാസ് കോളേജിൽ മലയാളം പ്രൊഫസറായി സേവനമനുഷ്ഠിച്ച അദ്ദേഹത്തിന്റെ പ്രധാന കൃതികൾ അവധാരണം, അനുഭൂതിയുടെ നിറങ്ങൾ, ചുമരിലെ ചിത്രങ്ങൾ, രാജവീഥി, പ്രഭാത സന്ദർശനം തുടങ്ങിയവയാണ്. 'ചങ്ങമ്പുഴയുടെ – നക്ഷത്രങ്ങളുടെ സ്നേഹഭാജനം 'എന്ന ജീവചരിത്ര കൃതി ഏറെ ശ്രദ്ധേയമാണ്. സ്പന്ദിക്കുന്ന അസ്ഥിമാടം എന്ന ഈ പ്രബന്ധം ചങ്ങമ്പുഴയുടെ അവസാന നാളുകളെ വികാരവായ്പോടെ വരച്ചുകാണിക്കുന്നു.

രോഗിയായി തീർന്ന ചങ്ങമ്പുഴ കടുത്ത ഏകാന്തതയിൽ നാടകശാലയായ ലോകത്തെക്കുറിച്ച് താൻ കുറിച്ചിട്ട വാക്കുകൾ ഓർത്തെടുക്കുന്നു.ചികിത്സക്ക് പോലും പണമില്ലാതെ നിരാശ്രയനായി നിരാശനായി കവിയവേ താൻ അന്ത്യരംഗത്തോടടുക്കുന്നുവെന്ന് ചങ്ങമ്പുഴ തിരിച്ചറിയുന്നു. ആ തിരിച്ചറിവ് അദ്ദേഹത്തിന്റെ സമചിത്തത നഷ്ടപ്പെടുത്തുന്നു. ചിലപ്പോൾ നൈരാശ്യവും അമർഷവും ആത്മനിന്ദയും തോന്നുന്നു. പ്രശാന്തത അനുഭവിക്കുന്ന അപൂർവ്വ വേളകളിൽ നിത്യശാന്തിക്കുവേണ്ടി വെമ്പൽ കൊള്ളുന്നു. പണ്ട് തന്നിൽ രൂപപ്പെട്ട ചിതറിയ ചിന്തകൾ വീണ്ടും അദ്ദേഹത്തിന്റെ ഓർമ്മയിൽ വന്നു. ലോകപ്രശംസയാകുന്ന മുൾച്ചെടികാട്ടിൽ അലഞ്ഞുതിരിഞ്ഞു. ദുർഗമങ്ങളായ ദുർഗമങ്ങൾ താണ്ടാൻ കഴിഞ്ഞു. പക്ഷേ എല്ലാം വെറുതെയായിരുന്നു. തന്റെ പ്രതാപം ജലരേഖയായിരുന്നുവെന്ന് ഇന്ന് അരികെ വന്ന് പുഞ്ചിരിതൂകുന്ന ശവകുടീരം ഓർമ്മിപ്പിക്കുന്നു. തനിച്ചിരിക്കുമ്പോഴാണ് ഇത്തരം ചിന്തകൾ കവിയെ മദിച്ചിരുന്നത്.

തന്നെക്കാണാൻ ആരെങ്കിലും വന്നാൽ രോഗാവസ്ഥ മറന്ന് പ്രസരിപ്പോടെ വർത്ത

മാനം പറയും. ചിരിക്കുകകയും ചിരിപ്പിക്കുകയും ചെയ്യും. ചങ്ങമ്പുഴയെ സന്ദർശിച്ച ഇ. എം. കൊവൂർ കവിയുടെ ദയനീവസ്ഥ പുറത്തറിയിക്കുന്നു. തുടർന്ന് വിവിധ കോണുകളിൽ നിന്ന് വന്ന സഹായം അദ്ദേഹത്തിന്റെ ചികിത്സക്ക് ഉപകരിച്ചു. ആയിടയ്ക്ക് മലയാളമനോരമയുടെ റിപ്പോർട്ടർ ചങ്ങമ്പുഴയെ സന്ദർശിച്ച അനുഭവം വിശദമായി റിപ്പോർട്ട് ചെയ്തിരുന്നു. ടാഗോറിന്റെ താടിയോടും ധാടിയോടും കിടനിൽക്കുന്ന കവിയുടെ മുഖം രോഗാവസ്ഥയിലും പ്രസന്നമായിരുന്നുവെന്ന് ആ റിപ്പോർട്ടർ ഓർക്കുന്നു. തന്റെ ഗുരുതരമായ രോഗാവസ്ഥയും വേദയുടെ ആഴവും റിപ്പോർട്ടറുമായി ചങ്ങമ്പുഴ പങ്കുവെച്ചു. അന്ന് പനി നൂറു ഡിഗ്രിയിലെത്തിയിരുന്നു. നാലു ദിവസമായി ചർദ്ദിയിൽ രക്തമയമായി തുടങ്ങിയിരുന്നു. മരുന്നിനു തന്നെ ദിവസവും ഭാരിച്ച തുക ചെലവാക്കണമാണയിരുന്നു. മുണ്ടശ്ശേരിയും കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയും ജനിച്ച സമുദായത്തിൽ നിന്ന് തനിക്ക് ലഭിക്കുന്ന സഹായത്തെ കവി നന്ദിയോടെ സ്മരിച്ചു. ആത്മ ത്യാഗത്തിന്റെ അദ്വിതീയചിത്രം ക്രിസ്തുവിനെ ലോകഗുരുവായി കാണാൻ കവിയെ പ്രേരിപ്പിക്കുന്നു. മഹാത്മജിയും നെഹ്റുവും ചങ്ങമ്പുഴയ്ക്ക് ആരാധ്യരായിരുന്നു. നെഹ്റുവനെക്കുറിച്ച് പറഞ്ഞപ്പോൾ അഭിമാനം കൊണ്ട് അദ്ദേഹം ചാടിയെഴുന്നേറ്റു. മഹാത്മജിയെക്കുറിച്ച് ഒരു കവിതയും എഴുതാൻ കഴിയാതെ പോയതിൽ അദ്ദേഹം ഖേദം പ്രകടിപ്പിച്ചു. ഗാന്ധിജിയുടെ ചരമത്തെതുടർന്ന് ഇത്രയും കഴമ്പില്ലാത്ത കവിതകൾ വരുന്നെറിഞ്ഞിരുന്നുവെങ്കിൽ ഗാന്ധിജി നിശ്ചയമായും മരിക്കില്ലായിരുന്നുവെന്ന് അഭിപ്രായം ചങ്ങമ്പുഴ ചിരിച്ചുകൊണ്ട് അംഗീകരിച്ചു. ഇടക്ക് Lost my internal music എന്ന് വികാരഭരിതനായി പ്രസ്താവിച്ചപ്പോൾ ആ ലേഖകൻ പൊട്ടിക്കരഞ്ഞുപോയി.

മംഗളോദയത്തിൽ ഖണ്ഡശ്ശപ്രസിദ്ധീകരിച്ചിരുന്ന മഗ്ദലനമറിയം ഈ അവസ്ഥയിൽപൂർത്തിയാൻ നിർവാഹമില്ലെന്ന് ചങ്ങമ്പുഴ പറഞ്ഞു. അപൂർണ്ണമായ വേറേയും ഖണ്ഡകാവ്യങ്ങളുണ്ടെന്നും അവയെല്ലാം പൂർത്തികരിക്കാൻ സാധിച്ചിരുന്നുവെങ്കിൽ തന്റെ സാമ്പത്തിക ഞെരുക്കത്തിന് കുറച്ച് പരിഹാരമുണ്ടായേനെ എന്ന് അദ്ദേഹം പ്രത്യാശിച്ചു.

ഗാന്ധിജിയുടെ എഴുപത്തെട്ടടി പ്രതിമയെക്കുറിച്ചും ക്ഷേത്ര നിർമാണത്തെക്കുറിച്ചുമുള്ള വാർത്തകൾ ചങ്ങമ്പുഴയെ വേദനിപ്പിച്ചു. ഇന്ത്യയിൽ ഒരു മാതൃകാ. ടി. ബി. ക്ലിനിക് സ്ഥാപിക്കാൻ ആ പണം ചെലവാക്കിയിരുന്നുവെങ്കിൽ അത് ബാപ്പുജിയുടെ ആദർശങ്ങൾക്ക് ശാശ്വതീകരണമാകുമായിരുന്നുവെന്ന് അഭിപ്രായപ്പെട്ടു. നിരവധി സുഹൃത്തുക്കളെയും അവരുടെ സഹായവും കൃതജ്ഞതാപൂർവം സ്മരിച്ച കവി ടാറ്റായിലും മറ്റും ജോലിചെയ്തിരുന്ന സാധു തൊഴിലാളികളുടെ രണ്ടണ സംഭാവനയെ അമൂല്യമായി കണ്ടു. അദ്ദേഹത്തെ ചികിത്സിച്ചിരുന്ന ഡോ. ചെതലനെ കണ്ട് സംസാരിച്ചപ്പോഴാണ് ചങ്ങമ്പുഴയുടെ ഗുരുതരാവസ്ഥ ആ ലേഖകന് ശരിക്കും ബോധ്യമായത്. ഇതെല്ലാം റിപ്പോർട്ട് ചെയ്തതോടെ കവിയുടെ ചികിത്സക്ക് സംഭാവനകൾ പ്രവഹിക്കുക തന്നെ ചെയ്തു.

ചങ്ങമ്പുഴയോടുള്ള ആളുകളുടെ സ്നേഹത്തിന്റെ പ്രകടനത്തിന്റെ രസകരമായ ഒരു ഉദാഹരണം എം. കെ. സാനു സ്മരിക്കുന്നു. കവിയെ കാണാൻ നഗരത്തിലേക്ക് പുറപ്പെട്ട മകനെ വിലക്കിയ ഗ്രാമീണനായ അച്ഛന് മകൻ ‘വാഴക്കുല’ വായിക്കാൻ നൽകി. വാഴക്കുല വായിച്ചതിന്റെ ആവേശത്തിൽ കർഷകനായ ആ അച്ഛൻ തന്നെ ഒരു വാഴക്കുലയുമായി നഗരത്തിൽ ചങ്ങമ്പുഴയെ കാണാൻ ചെന്നു.’

രോഗം മൂർച്ഛിച്ചപ്പോൾ ചങ്ങമ്പുഴയെ കോയമ്പത്തൂരിലേക്ക് വിദഗ്ധ ചികിത്സക്ക് കൊണ്ടു പോവാൻ തീരുമാനിച്ചു. ആ അവസ്ഥയിൽ ദീർഘയാത്ര കൂടുതൽ ദോഷകരമാകുമെന്ന് കണ്ട് തൃശ്ശൂർ മംഗളോദയം നഴ്സിങ്ങ് ഹോമിൽ അദ്ദേഹത്തെ പ്രവേശിപ്പിച്ചു. കേരളീയമാനസങ്ങളെയാകമാനം അലൗകികാനുഭൂതിയിൽ അമഗ്നമാക്കിയ കവി 1948 ജൂൺ 17ന് ദിവംഗതനായി. അമ്മയോടോ പ്രിയ സുഹൃത്തുക്കളോടോ യാത്ര ചോദിക്കാൻ അദ്ദേ

ഹത്തിന് സാധിച്ചില്ല. ഇടപ്പള്ളിയിലെ തറവാട്ടുവക സ്ഥലത്താണ് അദ്ദേഹത്തെ സംസ്കരിച്ചത്. അന്ന് അന്തിമോപചാരം അർപ്പിക്കാൻ എത്തിയവരിൽ ഈറനണിയാത്ത കണ്ണുകൾ ഉണ്ടായിരുന്നില്ലെന്ന് എം.കെ. സാനു ഓർക്കുന്നു.

ശവകുടീരത്തുനുമുമ്പിൽ ആസായംകാലത്ത് എം. കെ. സാനു ചിന്താഭാരത്തോടെ നിലകൊണ്ടു. നിലാവിൽ നീരാടിനിൽക്കുന്ന പാതിരാവുകളെ പാലപ്പൂവിന്റെ പരിമളം പുൽകി നിൽക്കുമ്പോൾ, ആ കല്ലറയ്ക്കുള്ളിലെ ഹൃദയം സ്പന്ദിക്കുകകയും ആ സ്പന്ദനം ഒരു പല്ലവിയായി ഉയരുകളയും ചെയ്യുന്ന ദൃശ്യം എം.കെ. സാനു സങ്കല്പിക്കുന്നു. ചാരത്തുള്ള മാമരക്കാവിന്റെ കൊമ്പത്ത് കൊക്കുരുമ്മിയിരിക്കുന്ന കിളികൾ, ആ ശവ കുടീരരഹസ്യത്തിന്റെ പല്ലവി മാനത്ത് നക്ഷത്രങ്ങളെ അറിയിക്കുന്നത് നക്ഷത്രങ്ങൾ വിസ്മയത്താൽ കണ്ണു ചിമ്മി പോകുന്നതും ലേഖകന്റെ സങ്കല്പത്തിൽ തെളിഞ്ഞ്ഞുവന്നു.

## തപന്റെ അമ്മ

– എം.എം. ബഷീർ

സാഹിത്യ നിരുപണ രംഗത്ത് തനത് മുദ്രപതിപ്പിച്ച ഡൊ. എം.എം.ബഷീർ കാലിക്കറ്റ് സർവ്വകലാശാലയിൽ മലയാള വിഭാഗം അധ്യാപകനായിരുന്നു. കവിതയിലെ ചില പ്രശ്നങ്ങൾ, ആശാന്റെ പണിപ്പുര, സാഹിത്യാലോചന, കുമാരനാശാന്റെ രചനാശില്പം മലയാള ചെറുകഥാ സാഹിത്യ ചരിത്രം, അക്ഷരാർഥം, കുമാനാശാന്റെ നോട്ടുബുക്കുകൾ തുടങ്ങിയവയാണ് പ്രധാന നിരുപണഗ്രന്ഥങ്ങൾ

സമൂഹത്തിലെ അനീതികളോട് പ്രതികരിക്കാനുള്ള സന്നദ്ധതയും അതിനെ കലയാക്കി മാറ്റാനുള്ള പ്രതിബദ്ധതയും മഹാശ്വേതാദേവിയെ ഭാരതത്തിലെ എറ്റവും വലിയ എഴുത്തുകാരിയാക്കി തീർക്കുന്നുവെന്ന് എം.എം. ബഷീർ അഭിപ്രായപ്പെടുന്നു. മനുഷ്യത്വം തന്നെയാണ് മഹാശ്വേതാദേവിയുടെ രാഷ്ട്രീയ ദർശനമെന്ന് 'തപന്റെ അമ്മ' എന്ന നോവൽ വിശകലനം ചെയ്ത് എം.എം. ബഷീർ ചൂണ്ടിക്കാട്ടുന്നു. ഒരു തത്ത്വശാസ്ത്രത്തോടും വിദേയത്വം പുലർത്താതെ നിന്ദിത വർഗത്തിനുവേണ്ടി പ്രവർത്തിക്കുന്നതിലൂടെ ഈ എഴുത്തുകാരി വാക്കും പ്രവർത്തിയും സംയോജിപ്പിക്കുന്നു. മനോരാജ്യക്കാരായ എഴുത്തുകാരുടെ കൂടെ കൂടാൻ അവർ തയ്യാറല്ല. പണിയെടുക്കുന്നവരോടൊപ്പം പണിയെടുക്കാനും ഒപ്പം അവരുടെ കണ്ണിരും പങ്കപ്പാടും ആവിഷ്കരിക്കാനും മാഹാശ്വേതാദേവി തയ്യറാകുന്നു.

കള്ളനും കൊലപാതകിയുമായ മകനോടുള്ള ഒരമ്മയുടെ നിഷ്കളങ്കവും പാവനവുമായ സ്നേഹത്തിന്റെ കഥയെന്നോ സമ്പന്നർ കൊലയാളിയാക്കി വളർത്തുകയും തങ്ങളുടെ കളിപ്പാവയാക്കി മാറ്റുകയും ചെയ്ത തീഷ്ണയൗവനത്തിന്റെ കഥയെന്നോ വിശേഷിപ്പിക്കാവുന്ന ഒരു നോവലാണ് 'തപന്റെ അമ്മ' തപന് വീട്ടിൽ നിന്ന് സ്നേഹം ലഭിച്ചില്ല. അച്ഛനും സഹോദരനും അവനെ പരിഗണിച്ചില്ല. തെരുവിൽ ദാദയായി വളർന്ന അവനെ അമ്മ മാത്രം സ്നേഹിച്ചു. കുതറിമാറാനാവാത്ത വിധം ഗുണ്ടായിസത്തിന്റെ പിടിയിലമർന്നു പോയ അവന്റെ തകർന്ന ജീവിതത്തിലെ ഒരേയൊരാശ്വാസം അമ്മയായിരുന്നു. തപൻ മനസ്സിൽ പറഞ്ഞുകൊണ്ടേയിരുന്നു. 'അമ്മേ, നിങ്ങൾ ചെയ്യുന്നത് ശരി, ഞാൻ ചെയ്യുന്നതെല്ലാം തെറ്റ്' അമ്മക്ക് തണലാവാൻ അവന് ആഗ്രഹമുണ്ട്. മറ്റ് ആൺമക്കളുടെ കൂടെ പോകാൻ അമ്മയോട് അവർ നിർദ്ദേശിക്കുന്നു. എത്ര പണം വേണമെങ്കിലും എത്തിക്കാമെന്ന് പറഞ്ഞുനോക്കുന്നു. ഞാൻ കൂടി പോയാൽ നിനക്ക് പിന്നെ ആരുമുണ്ടാവില്ലെന്നായിരുന്നു സ്നേഹനിധിയായ ആ അമ്മയുടെ മറുപടി. അമ്മയെക്കുറിച്ചോർത്ത് അവൻ വിതുമ്പി. താൻ അകപ്പെട്ട കെണിയിൽ നിന്നും മോചനം നേടാനാവില്ലല്ലോ എന്നോർത്ത് അവൻ വേദനിച്ചു.

തെരുവിൽ ദാദായാണെങ്കിലും അവൻ സ്ത്രീകളെ ഉപദ്രവിച്ചില്ല. കൂടെയുള്ളവരെ

അതിന് അനുവദിച്ചതുമില്ല ആരോരുമില്ലാത്തവർക്കും അവൻ താങ്ങായി. പാവപ്പെട്ട ഒരു സ്ത്രീയെ രക്ഷിക്കാനായി തപൻ എതിർഗുണ്ടകളോട് ഏറ്റ് മുട്ടി മരിക്കുന്നു. അതുവരെ മകനെക്കുറിച്ചോർത്ത് തല താഴ്ത്തി നടന്ന അമ്മ അന്ന് അഭിമാനത്തോടെ തലയുർത്തി നടന്നു. ഒരു പെൺകുട്ടിയെ വേശ്യയാകുന്നതിൽ രക്ഷിക്കാൻ വേണ്ടിയാണ് തന്റെ മകൻ ജീവത്യാഗം ചെയ്തതെന്ന് ആ അമ്മ ഓർത്തു.

ആ അമ്മ ഇൻസ്പെക്ടറുടെ മുമ്പിൽ പൊട്ടിത്തെറിക്കുന്നുണ്ട്. തന്റെ മകനെ വാടക ഗുണ്ടയാക്കി തീർത്ത അധോലോക നായകനായ ഭവാനി ബാബുവിനെപ്പോലുളളവർ മാന്യരായി ജീവിക്കുന്നതിലെ വൈരുദ്ധ്യം അവർ ചോദ്യം ചെയ്യുന്നു. തപനെ അങ്ങനെയാക്കിതീർത്ത വ്യവസഥിതിയിലേക്കാണ് മഹാശ്വേതാദേവി വിരൽ ചുണ്ടുന്നത്.

സങ്കുചിത രാഷ്ട്രീയത്തിൽ വിശ്വസിക്കാത്ത എഴുത്തുകാരി സാമൂഹികാവസ്ഥയ്ക്ക് മാറ്റം വരാൻ ആഗ്രഹിക്കുന്നു. പാവപ്പെട്ടവന്റെ ജീവിത നിലവാരം ഉയർത്താനാവാത്ത ഒരു ഭരണകൂടത്തെയും അവർ അംഗീകരിക്കുന്നില്ല. സ്വയം വിശദീകരിക്കാനുളള ഒരു ബാധ്യതയെന്ന നിലയ്ക്കാണ് മനുഷ്യരുടെ പ്രശ്നങ്ങളെക്കുറിച്ച് അവൾ എഴുതികൊണ്ടേയിരുന്നുന്നത്.

# പാരിസ്ഥിതകകല

– ജി. മധുസൂദനൻ

ഐ.എ. എസ് ഉദ്യോഗസ്ഥനായിരുന്ന ജി. മധുസൂദനനൻ പൂനയിലെ വേർഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സസ്റ്റെയ്നബിൾ എനർജിയുടെ ഡയരക്ടർ ജനറലായിരുന്നു. ഗ്രീൻ എനർജി എന്ന മാസികയുടെ ചീഫ് എഡിറ്ററാണ്. കഥയും പരിസ്ഥിതിതയും, ഹരിതനിപൂപണം മലയാളത്തിൽ എന്നിവയാണ് പ്രധാന മലയാള കൃതികൾ.

പാരിസ്ഥിതികകല കേവലമയായ പ്രകൃതി ബോധത്തിന്റേയോ ഗൃഹാതുരത്വത്തിന്റെയോ കലയല്ല. അത് ജീവിതത്തിന്റെ സമസ്തമേഖലകളേയും ഉൾക്കൊളളുന്ന ഒന്നാണ്. പുന:സ്ഥാപിക്കാനാവാത്ത വിഭവങ്ങളുടെ പിൻബലത്തിൽ കെട്ടിപ്പടുത്ത ആധുനി വ്യവസായ സമ്പദ് വ്യവസ്ഥയും രാഷ്ട്രീയവും സാങ്കേതികയും സംസ്കാരവുമെല്ലാം കടുത്ത പ്രതിസന്ധിയെ നേരിടാൻ പോവുകയാണെന്ന് ജി . മധുസൂദനനൻ ഈ ലേഖനത്തിൽ മുന്നറിയിപ്പു നൽകുന്നു. ജീവിതം പ്രകൃത്യാനുസാരിയായ പാതയിലേക്ക് പരിണമിച്ചെത്തേണ്ടതിന്റെ ആവശ്യം ആളുകൾ തിരിച്ചറിഞ്ഞ് തുടങ്ങിയിരിക്കുന്നു. ഈ തിരിച്ചറിവാണ് ആധുനികാനന്തരയുടെ മുഖമുദ്ര. ഇത് ഭാഷയിലും സാഹിത്യത്തിലും നവോന്മേഷം സൃഷ്ടിക്കും. ആധുനികാനന്തരമായ ഈ പശ്ചാത്തലത്തിലാണ് പാരിസ്ഥിതികകല ഉദയം ചെയ്യുന്നത്. പരിമിതമായ വിഭവങ്ങൾ അനിയന്ത്രിതമായി ചൂഷണം ചെയ്ത് എക്കാലവും സുഖ സമൃദ്ധിയിൽ കഴിയാമെന്ന സാമ്പത്തിക വിദഗ്ദരുടെ നിഗമനങ്ങൾ അയഥാർഥവും ഉട്ട്യോപ്യനുമാണെന്ന് തിരിച്ചറിഞ്ഞ് വരുന്നു. വികസനവും സംസ്കാരവും സുസ്ഥിര വഴികളിലേക്ക് തിരിച്ചുവിടുന്നതാണ് ശരിയായ റിയലിസം.

പാരിസ്ഥിതകല ഒരു ദർശനത്തോടും വിധേയത്വം പുലർത്തുന്നില്ല. എന്നാൽ എല്ലാ ദർശനങ്ങൾക്കും പാരിസ്ഥിതിക കലയെ ഉൾക്കൊളളാനാകും. സമസ്ത ജീവജാലങ്ങളുടേയും നീതിയുക്തമായ നിലനിൽപിനോടുമാത്രമാണ് അതിന് പ്രതിബദ്ധത. എന്നാൽ അത് തികച്ചും അരാഷ്ട്രീയമാണന്ന് പറഞ്ഞുകൂടാ. പരിസ്ഥിതിയെ വെറും ഗൃഹാതുരതയായി മാത്രം കാണരുത് എന്നാണ് സൂചിപ്പിക്കുന്നത്. കാർഷികമിച്ചത്തിൽ നിന്നുണ്ടായ മൂലധന വളർച്ചയും തങ്ങളുടെ ലാഭേച്ഛയ്ക്കനുസരിച്ച് ശാസ്ത്ര സാങ്കേതികതയെ മെരുക്കിയെടുത്ത മൂലധന ഉടമകളുടെ ആർത്തിയുമാണ് പാരിസ്ഥിതിക വിനാശത്തിലേക്ക് നയിച്ചതെന്ന് ലേഖ

കൻ ചൂണ്ടിക്കാട്ടുന്നു. പാരിസ്ഥിതിക വീക്ഷണത്തെപ്പോലും തങ്ങൾക്കനുകൂലമാക്കി തീർക്കുന്ന മുതലാളിത്ത തന്ത്രങ്ങൾക്കെതിരെയുള്ള ജാഗ്രതയാണ് പാരിസ്ഥിതിക കലയുടെ രാഷ്ട്രീയം.

പാരിസ്ഥിതിക കലയെന്നാൽ ഒരു തരം സയൻസ് ഫിക്ഷനാണെന്ന് ചിലരെങ്കിലും തെറ്റിദ്ധരിക്കാറുണ്ട്. ഇക്കോളജിയുടെ ശാസ്ത്രീയതെക്കാളേറെ സാമൂഹ്യവും രാഷ്ട്രീയവും ആത്മീയവും മന:ശാസ്ത്രപരവുമായ സമസ്യകളാണ് പാരിസ്ഥിതികകലയ്ക്ക് വിഷയമാകുന്നത്.

സമകാലിക സംസ്കാരത്തിന്റെ മൂല്യങ്ങളെ അപനിർമിക്കുകയെന്ന ധർമ്മം പാരിസ്ഥിതികകലയ്ക്കുണ്ട്. സാങ്കേതികയുടെ മേൽക്കോയ്മ നിലനിൽക്കുന്ന ലോകത്ത് പ്രകൃതിക്കിണങ്ങിയ ഒരു ബദൽ സാങ്കേതികത അത് മുന്നോട്ട് വെക്കുന്നു. ഈ ബദൽ നിർമിതിയിൽ ഭാവനയും ഭാഷയും ആവിഷ്കാര ശൈലിയും പുതിയ കണ്ടെത്തലുകൾക്ക് വിധേയമാകുന്നു. സാങ്കേതികതയുടെ കടന്നുകയറ്റിൽ നമ്മുടെ ലോകങ്ങളും വാക്കുകളും നഷ്ടപ്പെടുന്നു. സാമ്രാജ്യത്വത്തിന്റെ ഭാഷയും സംസ്കാരവും കടന്നുകയറി ആദിമനിവാസികളുടെ ഭാഷയും ജീവിതവും ഇല്ലാതാക്കുന്നു. വാണിഭത്തിന്റേയും പരസ്യഭാഷയുടേയും കടന്നു കയറ്റത്തിൽ തനതും ഗ്രാമ്യവുമായ വാക്കുകൾ നഷ്ടമാകുന്നു. ഭാഷ ശോഷിച്ച് അസ്ഥിക്കൂടമാകുന്നു.

വ്യക്തിവാദത്തിന്റേയും ശുദ്ധകലാ വാദത്തിന്റേയും അടിത്തറിയിൽ പടുത്തുയർത്തിയ അഹംസ്വത്വത്തെ അപനിർമ്മിച്ച് പുതിയൊരു പാരിസ്ഥിതികസ്വതം മെനഞ്ഞു നൽകുകയെന്ന ധർമ്മം പാരിസ്ഥിതിക കല നിർവ്വഹിക്കുന്നുണ്ട്. സ്ത്രീകൾ, ആദിമനിവാസികൾ, ഭീഷണി നേരിടുന്ന സസ്യജന്തുജാലങ്ങൾ തുടങ്ങി എല്ലാ തിരസ്കൃത സ്വത്വങ്ങൾക്കും പാരിസ്ഥിതിക കല പുതുജീവൻ പകരുന്നു. തിരസ്കൃതരുടേതുൾപ്പെടെ വിവിധ വിഭാഗങ്ങളുടെ സ്വരങ്ങൾ കലാപരമായ രേഖപ്പെടുത്തുക എന്നത് ഇക്കാലത്തെ എഴുത്തുകാരന്റെ നിയോഗമാണ്. ബക്തീന്റെ ബഹുസ്വരത (Poly Phony) ഡയലോഗ് എന്നീ പരികല്പനകൾ പ്രസക്തമാകുന്നത് അതിനാലാണ്. കലയെ അത്മപ്രകാശമായി ചുരുക്കാനിവില്ല. പാരിസ്ഥിക കല ജീവിതത്തിന്റെ സമഗ്രതയുടെ പ്രകാശനമാണ്.

മനുഷ്യരുടെ ആത്മീയ പുനർനിർമിതിക്ക് കലയും സാഹിത്യവും സഹായകമാകണമെന്ന ലേഖകൻ അഭിപ്രായപ്പെടുന്നു. പാരിസ്ഥിതിബോധം പഴമയിലേക്കുള്ള മടക്കമല്ല. അത് സ്ഥലബന്ധിതമായ ചരിത്രബോധത്തിന് ഊന്നൽ നൽകുന്നു. എഴുതപ്പെട്ട നുണകൾ പുന:പരിശോധിക്കുന്നു. സുസ്ഥിരതയ്ക്കുള്ള പ്രായോഗിക മാർഗങ്ങൾ തേടുന്നു.

## മരപ്പാവകൾ വീണ്ടും വായിക്കുമ്പോൾ

– വി. രാജകൃഷ്ണൻ

– സാഹിത്യവിമർശകൻ, ചലചിത്ര നിരുപകൻ, തിരക്കഥാകൃത്ത്, സംവിധാകയൻ എന്നീ നിലകളിലെല്ലാം ശ്രദ്ധേയനാണ് പ്രോ.വി. രാജകൃഷ്ണൻ ശ്രാദ്ധം, രോഗത്തിന്റെ പൂക്കൾ, മൗനം തേടുന്നവാക്ക്, കാഴ്ചയുടെ അശാന്തി, ചെറുകഥയുടെ ചന്ദസ്സ് എന്നിവയാണ് പ്രധാന കൃതികൾ.

കാരുരിന്റെ കഥകളിയൽ തലയെടുപ്പോടെ നിൽക്കുന്ന ഒരു സൃഷടിയാണ് 'മരപ്പാവകൾ' എന്ന് വി. രാജകൃഷ്ണൻ അഭിപ്രായപ്പെടുന്നു. ഈ കഥയിലെ നിലീന ഭംഗിയുള്ള ശൃംഗാരഭാവം കഥ പുറത്തുവന്ന കാലത്തുതന്നെ നിരുപക ശ്രദ്ധ നേടിയിരുന്നു. അമർത്തപ്പെട്ട ലൈംഗികാഭിലാഷത്തിന്റെ തരളമായ പ്രകാശനമെന്നത് സ്ത്രീഹൃദയത്തിന്റെ ആഴങ്ങൾ തേടിപ്പോയ പിൽക്കാല ചെറുകഥാകൃത്തുക്കളെ മോഹിപ്പിച്ച മനശ്ശാസ്ത്ര സമസ്യയായി മാറുകയുണ്ടായി. മാധവിക്കുട്ടിയെപ്പോലുള്ള എഴുത്തുകാർ കാരൂർ തൊട്ടുകാണിച്ച

ഈ ഭാവമേഖലയ്ക്ക് പുത്തൻ പൊരുൾ സമ്മാനിക്കുകയുണ്ടായി. കഥാസങ്കല്പത്തിൽ പല പൊളിച്ചെഴുത്തുകളും നടന്നുകഴിഞ്ഞ ഇക്കാലത്ത് 'മരപ്പാവകൾ' വീണ്ടും വായിക്കുമ്പോൾ മനസ്സിൽ പതിയുന്ന അംശങ്ങൾ കണ്ടെത്താനുള്ള ശ്രമമാണ് ഈ കുറിപ്പെന്ന് ലേഖകൻ പറയുന്നു.

ദാമ്പത്യതകർച്ചയുടെ അവശിഷ്ടമായി വാശിയും സങ്കടവും കൂടികലർന്ന ഒരു വികാരം 'മരപ്പാവകളി' ലെ കഥാനായികയായ നളിനിയുടെ ഉള്ളിൽ ഉടക്കിനിൽക്കുന്നുണ്ട്. പുറമേക്ക് അവർ പ്രകടിപ്പിക്കുന്നതാവട്ടേ കൂസലില്ലായ്മയും വിവാഹമോചിതയെക്കുറിച്ച് നാട്ടിപുറത്തെ അയൽക്കാർ സാധാരണ പറയാറുള്ള കുറ്റങ്ങൾ വകവെയ്ക്കാതെ സ്വതന്ത്ര ജീവിതം നയിച്ചുപോരുന്നവളാണ് നളിനി. തന്റേടവും ഫലിതബോധവും വേദനകളെ കൂടഞ്ഞെറിയാൻ അവളെ സഹായിക്കുന്നുണ്ട്. കാരൂരിന്റെ ഭാഗ്യഹീനകളായ കഥാപാത്രങ്ങളിൽ നിന്ന് നളിനിയെ വേർതിരിച്ച് നിർത്തുന്ന വസ്തുതത അവൾ കലാകാരിയാണെന്നതാണ്.

അവളുണ്ടാക്കിയ പാവകൾ കോപത്തിനും വിലാസഭാവത്തിനുമിടിയിൽ വെറുപ്പിനും സമർപ്പണത്തിനുമിടയിൽ ആളികത്തുന്ന അവളുടെ ഹൃദയത്തിന്റെ പ്രതിഫലനമായിരുന്നു. അവളുടെ അഴകാർന്ന ശരീരത്തിന്റെ വടിവുകളാവാഹിച്ച ആ മരപ്പാവകൾ മതിയായിരുന്നു ചുറ്റുമുള്ളവർക്ക് കുറ്റം പറയാൻ. സ്വന്തം സർഗാത്മകതയിലേക്ക് ചുരുങ്ങാൻ ശീലിച്ചതോടെ അവൾക്ക് അപവാദങ്ങളെ പേടിയില്ലാതായി. ഈ കൂസലില്ലായ്മയെ 'അഹന്ത' യെന്നാണ് എന്യൂമറേറ്റർ വിശേഷിപ്പിച്ചത്. കലാകാരനു സഹജമായ ഈ അഹന്തയാണ് നളിനിയെ നളിനിയാക്കി മാറ്റിയത്.

നളിനിയുടെ വ്യക്തിസത്തയുടെ പരഭാഗശോഭയ്ക്കായി എന്യുമറേറ്ററെ സൃഷ്ടിച്ചത് ഏറെ ഉചിതമാണെന്ന് ലേഖകൻ ചുണ്ടിക്കാട്ടുന്നു. മനുഷ്യരെ വസ്തുതകളാക്കി മാറ്റുകയാണല്ലോ എന്യുമറേറ്റർമാരുടെ ജോലി. എന്യുമറേറ്ററുടെ ചോദ്യങ്ങൾക്ക് തർക്കുത്തരം പറയുന്ന നളിനി തന്റെ 'അഹന്ത' കൊണ്ട് എന്യൂമറേറ്ററുടെ ഫയലിലെ ഒരക്കമായി ചുരുങ്ങുന്നില്ല. അവസാനം ആ ഉദ്യോഗസ്ഥന്റെ ഹൃദയത്ത് വിസ്മയം കലർന്ന മധുരാസ്വാസ്ഥ്യം ജനിപ്പിച്ച് അവൾ പിൻവാങ്ങുന്നു.

നളിനിയുടെ ജീവിതത്തിന്റേയും കലയുടേയും പണിപ്പുര രഹസ്യങ്ങൾ വെളിച്ചത്തുകൊണ്ടുവരാൻ കാരൂർ കണ്ടെത്തിയ വിവരണ രീതി പ്രത്യേകം പരിഗണന അർഹിക്കുന്നു.നളിനിയുടെ ആത്മ നിഷ്ഠമായ കാഴ്ചപ്പാടിലൂടെ കഥ അവതരിപ്പിച്ചിരുന്നുവെങ്കിൽ ഉപരിതല സ്പർശിയായ നർമ്മത്തിന്റെ സ്ഥാനത്ത് വികാരങ്ങളുടെ കുത്തൊഴുക്ക് അനുവാചകന് അനുഭവിക്കാൻ കഴിയുമായിരുന്നുവെന്ന് ലേഖകൻ വിശകലനം ചെയ്യുന്നു. എന്നാൽ ഒരു മൂന്നാമന്റെ നിലകൈകൊണ്ട് അപരിചിതനായ ഒരു വ്യക്തിയുമായി നളിനി നടത്തുന്ന സൊറപറച്ചിൽ കേട്ട് രസിക്കുകയാണ് കാരൂർ ചെയ്യുന്നത്. സംഭാഷണപ്രധാനമായ ഈ കഥയിൽ ' ഡയലോഗ്' മാത്രമാണ് തന്റെ പ്രധാന കഥാപാത്രത്തിന്റെ മാനസികാവസ്ഥ പരതാനായി കാരൂർ അവലംബിച്ചിട്ടുള്ളത്. സാധാരയായി കാരൂരിന്റെ കഥകളിൽ വിതറാറുള്ള ലോകോത്തികളുടേയും ധാർമ്മിക വീക്ഷണങ്ങളുടേയും മേമ്പോടികൾ ഈ കഥയിൽ കുറവാണ്. കഥാന്ത്യത്തിൽ നളിനി എന്യുമറേറ്ററുടെ മനസിൽ ഉണർത്തിയ പ്രതികരണങ്ങൾ സൂചിപ്പിക്കാൻ വേണ്ടി മാത്രമാണ് കാഥികൾ നേരിട്ട് നമ്മളോടെന്തങ്കിലും പറയുന്നത്.

നവോത്ഥാനകാലത്തിലെ മറ്റു ചെറുകഥാ കൃത്തുകൾ ഇതേ പ്രമേയത്തെ എങ്ങനെ സമീപിക്കുമായിരുന്നുവെന്ന് ലേഖകൻ വിചിന്തനം ചെയ്യുന്നു. പൊറ്റക്കാട് ഇടതൂർന്ന പശ്ചാത്തല വർണ്ണനകൊണ്ട് നായികയുടെ വിഷാദസുന്ദരമുഖത്തിന് കൂടുതൽ മിഴിവേകുമായി

രുന്നു. ഉറൂബ് കവിത കലർന്ന കൊച്ചു വാങ്മയ ചിത്രങ്ങളിലൂടെ നളിനിയുടെ അന്തർഗതങ്ങൾകൂടി ചികഞ്ഞെടുക്കുമായിരുന്നു. തകഴി തുറന്നടിച്ച സാമൂഹ്യ വിമർശനത്തിൽ ചെന്നെത്തുമായിരുന്നു. സമുദായ വ്യവസ്ഥിതിയുടെ നീതി തത്വത്തെ ചോദ്യം ചെയ്യുമായിരുന്നു. ചുരുക്കത്തിൽ കാരുരിനെ വ്യത്യസ്തനാക്കുന്നത് ഋജും ആടയാഭരണങ്ങളില്ലാത്തതും തനി കേരളീയവുമായ കഥാകഥന രീതിയാണ്. പത്മനാഭന്റേയും എം. ടി. യുടേയും മാധവിക്കുട്ടിയുടേയും തലമുറ സാക്ഷാത്കരിച്ച ഐറണി സിംബ കല്പന, പ്രതി രൂപാത്മകത്വം തുടങ്ങിയ ആധുനികത സങ്കേതങ്ങൾ കാരുരിനെ തീരെ ആകർഷിച്ചില്ല. കാരുരിന്റെ ആഖ്യാന കല വർജ്ജനത്തിന്റെ കലയാണ് (art of elimination) എന്ന നിഗമനത്തിൽ ലേഖകൻ എത്തിച്ചേരുന്നു. വൈവിധ്യമാർന്ന രചനസങ്കേതങ്ങളുടെ സാധ്യതകൾ ചൂഷണം ചെയ്യുന്നതിലൂടെയല്ല, ആ സാധ്യതതകൾക്ക് ബോധപൂർവ്വം നിയന്ത്രണം ഏർപ്പെടുത്തുന്നതിലൂടെയാണ് കാരൂർ കഥകൾ പല 'ഇഫക്ടുകളും' നേടിയെടുത്തത്.

മരപ്പാവകളുടെ കഥാ ശില്പവും നായികയുടെ ശില്പകലാവിദ്യയും തമ്മിലുള്ള സാദ്യശ്യം ലേഖകൻ ചൂണ്ടിക്കാട്ടുന്നു. നളിനിയെപ്പോലെ കാരൂരും ഒരർത്ഥത്തിൽ മരപ്പാവകളുടെ നിർമാതാവാണ്. അദ്ദേഹത്തിന്റെ കഥകളിൽ ദന്തം കൊണ്ടുള്ള അലങ്കാരപ്പണികളില്ല. മാർബിൾ കൈകാര്യം ചെയ്യുന്നില്ല. അനാകർഷകമെന്ന് തോന്നുന്ന പരുക്കൻ ജീവതിയാഥാർത്ഥ്യങ്ങളിൽ നിന്ന് ഒതുക്കവും ശാലീനതയുമുള്ള കഥാശില്പങ്ങൾ ശ്രദ്ധാപൂർവം മെനയുന്ന വിദ്യയായിരുന്നു കാരുരിന്റേത്.

## സ്രഷ്ടാവിന്റെ സ്വാതന്ത്ര്യവും സൃഷ്ടിയുടെ സദാചാരവും

**– എം. തോമസ് മാത്യു.**

1940 ൽ പത്തനം തിട്ടയിലെ കീക്കൊഴൂരിലാണ് എം. തോമസ് മാത്യു ജനിച്ചത്. വിവിധ കോളേജുകളിൽ മലയാളം പ്രൊഫസറായിരുന്ന അദ്ദേഹം കേരളഭാഷാ ഇൻസ്റ്റിടറ്റ്യൂട്ടിന്റെ ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ദന്തഗോപുരത്തിലേക്ക് വീണ്ടും, സാഹിത്യദർശനം, ആത്മാവിന്റെ മുറിവുകൾ മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ദൈവം, ബൈബിൾ അനുഭവം, നിനവുകൾ നിരുപണങ്ങൾ എന്നിവ പ്രധാന കൃതികളാണ്.

'സ്രഷ്ടാവിന്റെ സ്വാതന്ത്ര്യവും സൃഷ്ടിയുടെ സദാചാരവും ' എന്ന ലേഖനത്തിൽ ആവിഷ്കാരസ്വതന്ത്ര്യത്തെക്കുറിച്ചും കലയുടെ ധർമ്മശാസ്ത്രത്തെക്കുറിച്ചും വിചിന്തനം ചെയ്യുന്നു. മറ്റു ജീവജാലങ്ങളെ അപേക്ഷിച്ച് നിസ്സഹായകനായ മനുഷ്യൻ അതി ജീവനത്തിനുള്ള പോരാട്ടത്തിലാണ് പുതിയ വടിവുകളും അടവുകളും നേടുന്നത് പ്രകൃതി കനിഞ്ഞ് നൽകാത്തതെല്ല. സ്വയം ഉണ്ടാക്കാനുള്ള വൈഭവത്തിന്റെ വിത്ത് മുനഷ്യന്റെ തലച്ചോറിലെവിടെയോ പ്രകൃതി തന്നെ നിക്ഷേപിച്ചിട്ടുണ്ട്. സർഗാത്മകമായ കർമ്മൾ മുനഷ്യന്റെ പരിമിതികളിൽ നിന്ന് കുതറിത്തെറിക്കാനുള്ള ഉദ്യമങ്ങളാണ്. അവ അതുകൊണ്ടു തന്നെ സ്വാതന്ത്ര്യപ്രഖ്യാപനങ്ങളുമാണ്.

മനുഷ്യകർമ്മങ്ങളിൽ ഏറ്റവും വിശിഷ്ടമായ ദൈവസാദൃശ്യം വിളംബരം ചെയ്യുന്ന കർമ്മമാണ് കഥാപ്രവർത്തനം. കലാവിഷ്കരണം കലാകാരന്റെ സ്വാതന്ത്ര്യത്തിന്റെ പ്രകാശനമാണ് 'കല ജീവിതം തന്നെ' എന്ന തീർപ്പിലൂടെ മാരാർ ആവിഷ്കരിച്ച ദർശനവും ഇതു തന്നെ. കലാവിഷ്കാരങ്ങളിലൂടെ അവനവന്റെ സ്വതം കണ്ടെത്തുന്നു. അവനാനുള്ള ആത്മപ്രകാശനത്വരയുടെ നിരന്തരമായ പ്രക്രിയിയിലാണ് ഒരു കലാകാരൻ യഥാർഥ സ്വാതന്ത്ര്യം അനുഭവിക്കുന്നത്. അതുകൊണ്ട് സ്വാതന്ത്ര്യത്തിനുള്ള ത്വരയാണ് ആവിഷ്കരണത്തിനുള്ള പ്രേരണയെന്ന് പറയാം. സ്രഷ്ടാവായ വ്യക്തിമാത്രമല്ല ഈ സ്വാതന്ത്ര്യം അനുഭവിക്കു

ന്നത്. ആസ്വാദകർ കൂടിയാണ്. അസ്വാദനം പുന:സൃഷ്ടിയായതിനാൽ കലയിലൂടെ വിമോചനപ്രക്രിയ നിരന്തരം നടന്നുകൊണ്ടിരിക്കുന്നു.

മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്വതന്ത്ര്യം ധാർമ്മികയുമായി കൂടി ബന്ധപ്പെട്ടിരിക്കുന്നു. സ്വന്തം ഇച്ഛയോടൊപ്പം സദാചാരത്തെക്കുറിച്ചു കൂടി അവന് ബോധവാനാവേണ്ടി വരുന്നു. ധർമ്മസങ്കടങ്ങൾ മനുഷ്യന്റെ മാത്രം അവകാശമാണ്. അത്കൊണ്ട് കലയ്ക്ക് സൗന്ദര്യശാസ്ത്രം മാത്രമല്ല, ധർമ്മശാസ്ത്രം കൂടിയുണ്ട്. നല്ല നടപ്പിന്റെ ഉത്തരവാദിത്വം കയ്യാളിപ്പോരുന്ന അധികാരകേന്ദ്രങ്ങൾ സ്വതന്ത്രഭരണത്തെ സംശയത്തോടെയും ഭീതിയോടെയുമാണ് വീക്ഷിച്ചുപോന്നത്. ഒന്നു നോട്ടം തെറ്റിയാൽ വഴിതെറ്റി പോകുന്നതവരാണ് വിശ്വാസികൾ എന്ന് അവർ സ്വയം വിശ്വസിക്കുന്നു. തെറ്റായി വ്യാഖ്യാനിച്ചാലോ എന്ന് പേടിച്ച് ഒരു കാലത്ത ബൈബിൾ വായനപോലും സഭകൾ വിലക്കിയിരുന്നു. ബൈബിൾ വിവർത്തനം ചെയ്ത കുറ്റത്തിനാണ് ടിൻഡേലിനെ ചുട്ടുകൊന്നത്. സ്വതന്ത്രമായ എല്ല അന്വേഷണങ്ങളേയും സൃഷ്ടികളേയും സഭ സംശയത്തോടെയാണ് നോക്കിയത്.

രാഷ്ട്രീയാധികാരവും വ്യത്യസ്തമല്ല. കാളിദാസൻ ആദർശരാജാവായി പ്രശംസിച്ച ദിലീപിന്റെ പ്രജകളുടെ ഗുണങ്ങളിലൊന്നായി അദ്ദേഹം അവതരിപ്പിക്കുന്നത് പ്രജകർ രാജാജ്ഞകളിൽ നിന്നും കടുകിട വ്യതിചലിക്കുന്നില്ലെന്നതാണ്. രാഷ്ട്രാധികാരം എപ്പോഴും ആഗ്രഹിക്കുന്നത് അനുസരിക്കുന്ന പ്രജാസഞ്ചയത്തെയാണ്. പക്ഷേ കലാകാരന്മാർ എപ്പോഴും നവവ്യതിയാനങ്ങൾ സങ്കല്പിക്കുകയും അവയുടെ രൂപകല്പനയിൽ ആത്മാവ് അർപ്പിക്കുകയും ചെയ്യുന്നു.

സമഗ്രാധിപത്യങ്ങളുടെ സുവർണ്ണകാലം കലയുടെ ചീത്തകാലമായിരുന്നുവെന്ന് ലേഖകൻ ചുണ്ടിക്കാട്ടുന്നു. എന്ത്, എങ്ങനെ എഴുതണം എഴുതാമെന്ന് ഭരണകൂടം തീരുമാനിച്ച കാലത്ത് മോസ്കോയിലേയും സെന്റ് പീറ്റേഴസിബർഗിലേയും ചിന്തകർക്കും എഴുത്തുകാർക്കും ജീവനും കൊണ്ട് പാലായനം ചെയ്യേണ്ടിവന്നു.

ചുരുക്കത്തിൽ സൃഷ്ടിയുടെ സദാചാരത്തിനു കാവലാളാവാൻ അധികാരത്തിന്റെ യാതൊരൂപവും നല്ലതല്ല. അധികാരത്തിന്റെ കൂടപ്പിറപ്പാണ് ഭയം. പുതിയതെന്തും അതിനെ പേടിപ്പെടുത്തുന്നു. അവ തങ്ങളുടെ ഇരിപ്പിടം ഇളക്കുമെന്ന് അവർ കരുതുന്നു. ഈ ഭയം ഹിംസയിലേക്ക് നയിക്കുന്നു. ഒതുക്കാനാവത്തതിനെ ആദരവിന്റെ പ്രലോഭനങ്ങളിലൂടെ വശപ്പെടുത്തുന്നു. സർഗസ്വാതന്ത്ര്യത്തെ കുത്തിയായാലും നക്കിയായാലും കൊല്ലുക തന്നെ ചെയ്യുന്നു.

നിലവിലുള്ള അതൃപ്തിയാണ് സൃഷ്ടിയുടെ മൗലിക ചോദന. സത്യത്തിൽ സ്വന്തം നിലനൽപിനുവേണ്ടി അത് പ്രതൃതിയെ പൂരിപ്പിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് സൃഷ്ടിയുടെ ചരിത്രം ചരിത്രത്തെ നിരന്തരമായി മാറ്റിയെഴുതുന്നതിന്റെ ചരിത്രമായിതീരുന്നു. ആയുധങ്ങൾക്കും പീഢനങ്ങൾക്കും ഭ്രഷ്ടിനും പുരസ്കാരപ്രലോഭനങ്ങൾക്കും ആവിഷ്കരണത്വരയെ അടക്കി നിർത്താൻ കഴിഞ്ഞിട്ടില്ല. എതിർപ്പുകളുടെ മധ്യത്തിൽ തന്നെയാണ് ശ്രേഷ്ഠമായ കല രൂപം കൊള്ളുന്നത്. കലാകാരന്റെ ഏത് സാഹചര്യത്തിലും പഥ്യമായ അപ്രിയസത്യം വിളിച്ചുപറയുന്നു. അയാളുടെ വിരൽ അധർമ്മത്തിന് നേരെ ചുണ്ടുന്നു.

-----------